




PUBLISHED FROM KOZHIKODE & THIRUVANANTHAPURAM

www.newskeraladaily.in

കോഴിക്കോട് & തിരുവനന്തപുരം

# ന്യൂസ്കേരള

Estd:1993 പുസ്തകം 29 ലക്കം 161









## ഇമ്രാൻ പ്രതാപ്ഖരി എം പി കോഴിക്കോട്ട് എത്തി

കൊണ്ടോട്ടി : ഇന്ത്യൻ നാഷണൽ കോൺഗ്രസ് മൈനൊറിറ്റി ഡിപ്പാർട്ട്മെന്റ് അഖിലേന്ത്യാ ചെയർമാൻ ഇമ്രാൻ പ്രതാപ് ഖരി എം പി കോഴിക്കോട്ടെത്തി.

മലപ്പുറത്തെ പരിപാടികളിൽ പങ്കെടുക്കാനായാണ് പ്രതാപ്ഖരി എത്തിയത്. കരിപ്പൂർ വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ കെ പി സി സി മൈനൊരിറ്റി ഡിപ്പാർട്ട്മെന്റ് സംസ്ഥാന ചെയർമാൻ അഡ്വ. ശിഹാബുദ്ധീൻ കാരിയത്ത്, അഖിലേന്ത്യാ വൈസ് ചെയർമാൻ ഇഖ്ബാൽ വലിയവീട്ടിൽ, കോ ഓർഡിനേറ്റർ അഡ്വ ബ്രിജേഷ് ദേവസ്യ, സംസ്ഥാന കോ ഓർഡിനേറ്റർ നിസാർ ഒളവണ്ണ, അഡ്വ ഫാത്തിമ റോസ്ന, വൈസ് ചെയർമാൻ കെ എം ഹാരിസ്, എന്നിവർ ചേർന്ന് സ്വീകരിച്ചു. പ്രശസ്ത ഗായകൻ കൂടിയായ ഇമ്രാൻ പ്രതാപ് ഖരി ഇത് ആദ്യമായാണ് കേരളത്തിൽ എത്തുന്നത്. കോൺഗ്രസിന്റെ യുവനേതാക്കാളിൽ പ്രധാനിയാണ്.

മൈനൊരിറ്റി ഡിപ്പാർട്ട്മെന്റ് കോഴിക്കോട് ജില്ലാ ചെയർമാൻ ടി കെ മിജാസ്, ജമാൽ കോരങ്ങോട് കെ സി അബ്ദുൽ റസാക്ക്, സി അബ്ദുൽ നാസർ ഖാൻ,എൻ എം ആമീർ, എം സി നസീമുദ്ധീൻ, തുടങ്ങിയവരും അദ്ദേഹത്തെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു.




ഇന്ത്യൻ നാഷണൽ കോൺഗ്രസ് മൈനൊറിറ്റി ഡിപ്പാർട്ട്മെന്റ് അഖിലേന്ത്യാ ചെയർമാൻ ഇമ്രാൻ പ്രതാപ്ഖരി എം പിക്ക് കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ സ്വീകരണം നൽകിയപ്പോൾ

## മങ്കിപോക്സ് മരണം: 15 പേർ സമ്പർക്കപട്ടികയിൽ

തൃശൂർ: മങ്കിപോക്സ് രോഗ ലക്ഷണങ്ങളോടെ മരിച്ച യുവാവിൻറെ സമ്പർക്കപ്പട്ടികയിലുള്ള 15 പേരെ നിരീക്ഷണത്തിലാക്കി. വിമാനത്താവളത്തിൽ നിന്ന് കൂട്ടിക്കൊണ്ടുവന്ന നാലു കൂട്ടുകാരും കുടുംബാംഗങ്ങളും ആരോഗ്യപ്രവർത്തകരുമാണ് സമ്പർക്കപട്ടികയിലുള്ളത്.

നാട്ടിലെത്തിയ യുവാവ് പന്തുകളിക്കാൻ പോയിരുന്നു. പരിശോധനാഫലം അനുസരിച്ച് ഒപ്പമുണ്ടായിരുന്നവരെ നിരീക്ഷണത്തിലാക്കും. ആലപ്പുഴ വൈറോളജി ലാബിൽ നടക്കുന്ന പരിശോധനയുടെ ഫലം ഇന്ന് ഉച്ചയോടെ ലഭിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫിസർ അറിയിച്ചു. യുവാവിന് മങ്കിപോക്സ് രോഗബാധ വിദേശത്ത് സ്ഥിരീകരിച്ചിരുന്നുവെന്ന് ആരോഗ്യമന്ത്രി വീണ ജോർജ് വ്യക്തമാക്കിയിരുന്നു.

ചാവക്കാട് കുരിഞ്ഞിയൂർ സ്വദേശി (22) ആണ് ശനിയാഴ്ച രാവിലെ മരിച്ചത്. യുഎഇയിൽ നിന്നെത്തിയ യുവാവിനെ ഗുരുതരവാസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. യുവാവിന് മങ്കിപോക്സിന്റെ ലക്ഷണങ്ങൾ ഉണ്ടായിരുന്നെങ്കിലും ദേഹത്ത് ചുവന്ന കുരുക്കൾ ഉണ്ടായിരുന്നില്ല.

# തിരുവല്ലയിൽ കാർ തോട്ടിലേക്ക് മറിഞ്ഞ് അച്ഛനും രണ്ട് പെൺമക്കളും മരിച്ചു

തിരുവല്ല: പുറമറ്റം കല്ലുപാലത്ത് കാർ നിയന്ത്രണം വിട്ട് തോട്ടിലേക്ക് മറിഞ്ഞ് അച്ഛനും രണ്ട് പെൺമക്കളും മരിച്ചു.

കുമളി ചക്കുപള്ളം വരയന്നൂർ സ്വദേശികളായ ചാണ്ടി മാത്യു, മക്കളായ ഫെബ ചാണ്ടി, ബ്ലെസി ചാണ്ടി എന്നിവരാണ് മരിച്ചത്. ഇന്ന് രാവിലെ ഏഴ് മണിയോടെയാണ് അപകടമുണ്ടായത്. ചർച്ച് ഓഫ് ഗോഡ് പാസ്റ്ററാണ് ചാണ്ടി മാത്യു. ജോലിയുടെ ഭാഗമായി റാന്നിയിലാണ് താമസിക്കുന്നത്.

തിരുവനന്തപുരം രജിസ്ട്രേഷനിലുള്ള കെൽ 01 എജെ 2102 വാഹനമാണ് അപകടത്തിൽപ്പെട്ടത്.

മുന്നിൽ പോയ സ്വകാര്യ ബസ്സിനെ ഓവർ ടേക്ക് ചെയ്യാൻ ശ്രമിച്ചതിനിടെ



അപകടത്തിൽപെട്ട കാർ

കാർ തോട്ടിലേക്ക് മറിഞ്ഞതെന്നാണ് വിവരം. നാട്ടുകാരുടെ നേതൃത്വത്തിലാണ് ഒഴുക്കിൽപ്പെട്ട കാറിൽ നിന്ന് യാത്രക്കാരെ പുറത്തെടുത്തത്.

അപകടത്തിൽപെട്ടവരെ തിരുവല്ല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹങ്ങൾ കുമ്പനാട് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്നു.

മാവേലിക്കരയിൽ ഒഇടിയ്ക്ക് പഠിക്കുന്ന ഫെബ ചാണ്ടിയെ കൊണ്ടാക്കാൻ പോകുമ്പോഴാണ് അപകടമുണ്ടായത്.

തിരുവല്ല ഭാഗത്തുനിന്ന് ഫെബയുടെ സുഹൃത്തിനെയും ഒപ്പം കൂട്ടി പോകാനായിരുന്നു തീരുമാനം. സുഹൃത്തിനെ കയറ്റുന്നതിനു തൊട്ടു മുൻപാണ് കാർ അപകടത്തിൽപെട്ടത്.

## പ്രത്യേക കടലാക്രമണ ജാഗ്രത നിർദ്ദേശം

കോഴിക്കോട് : ആഗസ്റ്റ് 4 വരെ അറബിക്കടലും സമീപ പ്രദേശങ്ങളിലും കടൽ പ്രക്ഷുബ്ധമാവാനും ഉയർന്ന തിരമാലക്കും സാധ്യത ഉണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പും ദേശീയ സമുദ്ര ഗവേഷണ കേന്ദ്രവും മുന്നറിപ്പ് നൽകിയിരിക്കുന്നു. ഇന്ന് രാവിലെ മുതൽ അറബിക്കടലിൽ 1 മീറ്ററിൽ അധികം ഉയരത്തിൽ തിരമാലക്ക് സാധ്യത ഉണ്ട്.

ഇന്നലെ അർധരാത്രി മുതൽ ട്രോളിങ് നിരോധനം അവസാനിച്ചതിനാലും മത്സ്യത്തൊഴിലാളികൾ കടലിൽ പോവാൻ കൂടുതൽ സാധ്യത ഉള്ളതിനാലും ഫിഷറീസ് വകുപ്പും കോസ്റ്റ് ഗാർഡും പ്രത്യേകം ശ്രദ്ധിക്കണം. അറബിക്കടലിൽ അടുത്ത 5 ദിവസങ്ങളിൽ യാതൊരു കാരണവശാലും മൽസ്യബന്ധനം നടത്താൻ പാടുള്ളതല്ല.

## കോഴിക്കോട് യുവാവിനെ തട്ടിക്കൊണ്ടുപോയ കേസ്: ഒരാൾ അറസ്റ്റിൽ

കോഴിക്കോട്: പെരുവണ്ണാമൂഴിയിൽ യുവാവിനെ സ്വർണക്കടത്ത് സംഘം തട്ടിക്കൊണ്ടുപോയ കേസിൽ ഒരാൾ അറസ്റ്റിൽ. കണ്ണൂർ സ്വദേശി മർഷിദ് ആണ് അറസ്റ്റിലായത്. മുഖ്യപ്രതി സ്വാലിഹിന്റെ സംഘാംഗം എന്ന് പൊലീസ് അറിയിച്ചു. കട്ടേഷൻ സംഘത്തെ ഉപയോഗിച്ചാണ് ഇർഷാദിനെ സ്വർണ്ണക്കടത്തു സംഘം കടത്തിക്കൊണ്ട് പോയതെന്നാണ് പൊലീസിന് ലഭിച്ച വിവരം. അതേസമയം, കാണാതായ യുവാവിന്റെ കുടുംബം ഇന്ന് ഹൈക്കോടതിയിൽ ഹെബിയസ് കോർപസ് ഹർജി നൽകും.

ജൂലൈ ആറുമുതലാണ് ഇർഷാദിനെ കാണാതായത്. സ്വർണത്തിനായി മകനെ തട്ടികൊണ്ടുപോയതാണെന്നും അവർ ഇക്കാര്യം ഫോണിലൂടെ അറിയിച്ചെന്നും മാതാവ് നഫീസ പറഞ്ഞിരുന്നു. മെയ് 13 ന് ദുബായിൽ നിന്നെത്തിയ ഇർഷാദ് സ്വർണം കൊണ്ടുവന്നെന്നും അത് കൈമാറിയില്ലെന്നും കാണിച്ചാണ് തട്ടികൊണ്ടുപോയത്. ഇർഷാദിനെ കെട്ടിയിട്ട ഫോട്ടോയും സംഘം അയച്ചുകൊടുത്തു. തട്ടികൊണ്ടുപോയതിനു ശേഷം നിരന്തരം ഈ സംഘം ഫോണിലൂടെ ഭീഷണിപ്പെടുത്തുന്നതായും മാതാവ് പറഞ്ഞിരുന്നു.

## ലക്ഷ്യ പദ്ധതി: ജനകീയ ശാസ്ത്ര കേന്ദ്രം മന്ത്രി ഡോ.ആർ ബിന്ദു നാടിന് സമർപ്പിക്കും

കോഴിക്കോട്: ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ലക്ഷ്യ പദ്ധതിയുടെ ഭാഗമായി നന്മണ്ടയിൽ നിർമ്മിച്ച ജനകീയ ശാസ്ത്ര കേന്ദ്രം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. ആഗസ്ത് അഞ്ചിന് രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ അധ്യക്ഷത വഹിക്കും.

## വായ്പ കുടിശ്ശിക നിവാരണം: മിഷൻ 100 ഡെയ്സ് പദ്ധതിയുമായി കേരള ബാങ്ക്

കോഴിക്കോട്: വിവിധ കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങി നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ, ആർബിട്രേഷൻ / എക്സിക്യൂഷൻ, സർഫേസി കേസുകളിൽ ഉൾപ്പെട്ട വായ്പകൾ, വായ്പക്കാരൻ മരണപ്പെട്ട വായ്പകൾ, മാരകരോഗം ബാധിച്ചവരുടെ വായ്പകൾ തുടങ്ങിയവ അടച്ചു തീർക്കാൻ അവസരമൊരുക്കുന്നതിനായി കേരള ബാങ്ക് മിഷൻ 100 ഡേയ്സ് പദ്ധതി നടപ്പിലാക്കുന്നു. ഇന്ന് മുതൽ നവംബർ 8 വരെയുള്ള നൂറുദിന കർമ്മപദ്ധതി വഴി 100 ശതമാനം കരുതൽ വെക്കേണ്ടിവന്ന നിഷ്ക്രിയ ആസ്തിയിൽ നിന്ന് 600 കോടി രൂപ പിരിച്ചെടുക്കുക, കിട്ടാക്കടം അഞ്ച് ശതമാനത്തിൽ താഴെയാക്കുകയെന്ന ലക്ഷ്യങ്ങളുമുണ്ട്. മിഷൻ 100 ഡേയ്സ് പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ഇന്ന് രാവിലെ 11 മണിക്ക് കേരള ബാങ്ക് റീജിയണൽ കോൺഫറൻസ് ഹാളിൽ ഡയറക്ടർ ഇ രമേശ് ബാബു ഉദ്ഘാടനം ചെയ്തു.

## കളമശ്ശേരി ബസ് കത്തിക്കൽ: തടിയന്റവിട നസീറിന് ഏഴുവർഷം തടവും 1.75 ലക്ഷം രൂപ പിഴയും

കൊച്ചി: കളമശ്ശേരി ബസ് കത്തിക്കൽ കേസിലെ പ്രതികളായ തടിയന്റവിട നസീറിനും സാബിർ ബുഹാരിക്കും ഏഴുവർഷം തടവ് ശിക്ഷ. കേസിലെ മറ്റൊരു പ്രതിയായ താജുദ്ദീനെ ആറുവർഷത്തെ തടവിനും ശിക്ഷിച്ചു. തടിയന്റവിട നസീർ 1.75 ലക്ഷം രൂപ പിഴ ഒടുക്കണം. മറ്റുരണ്ട് പ്രതികൾക്ക് ഒന്നരലക്ഷം രൂപ വീതമാണ് പിഴ. കൊച്ചിയിലെ പ്രത്യേക എൻ.ഐ.എ. കോടതിയാണ് തിങ്കളാഴ്ച മൂന്നുപ്രതികൾക്കുമുള്ള ശിക്ഷ വിധിച്ചത്.

കണ്ണൂർ സ്വദേശി തടിയന്റവിട നസീറിനു പുറമേ പെരുമ്പാവൂർ സ്വദേശി സാബിർ ബുഹാരി, പറവൂർ സ്വദേശി താജുദ്ദീൻ എന്നിവരാണ് കേസിലെ കുറ്റക്കാർ. മൂന്നുപേരും എൻ.ഐ.എ. കോടതി മുമ്പാകെ കുറ്റസമ്മതം നടത്തിയിരുന്നു. നേരത്തേ കുറ്റംസമ്മതിച്ച മറ്റൊരു പ്രതി പറവൂർ സ്വദേശി കെ.എ. അനൂപിനെ കോടതി ആറുവർഷം കഠിനതടവിനു ശിക്ഷിച്ചിരുന്നു.

പി.ഡി.പി. നേതാവ് അബ്ദുന്നാസർ മഅദനിയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതിഷേധത്തിനിടെ 2005 സെപ്റ്റംബർ ഒമ്പതിനാണ് കേസിനാസ്പദമായ സംഭവം. എറണാകുളം കെ.എസ്.ആർ. ടി.സി. ബസ് സ്റ്റാൻഡിൽനിന്ന് സേലത്തേക്ക് പോകുകയായിരുന്ന തമിഴ്നാട് ട്രാൻസ്പോർട്ട് ബസാണ് പ്രതികൾ തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി തട്ടിയെടുത്തു. കളമശ്ശേരിയിൽ യാത്രക്കാരെ ഇറക്കിവിട്ടശേഷം ബസ് പെട്രോളൊഴിച്ച് കത്തിച്ചു. പ്രതികൾക്കെതിരേ രാജ്യദ്രോഹക്കുറ്റം ചുമത്തിയാണ് എൻ.ഐ.എ. കുറ്റപത്രം സമർപ്പിച്ചത്. 14 പ്രതികളുണ്ടായിരുന്ന കേസിലെ ഒരാൾ മരിച്ചു.

## വയനാട്ടിൽ വീണ്ടും ആഫ്രിക്കൻ പന്നിപ്പനി, ഇരുന്നൂറോളം പന്നികളെ കൊന്നൊടുക്കും

സുൽത്താൻ ബത്തേരി: വയനാട്ടിലെ നെന്മേനി പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ വീണ്ടും ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഫാമിലെ പന്നികൾ കൂട്ടത്തോടെ ചത്തതിനെ തുടർന്ന് നടത്തിയ സാംപിൾ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. ഫാമിലെ ഇരുന്നൂറോളം പന്നികളേയും കൊല്ലേണ്ടി വരുമെന്ന് മൃഗസംരക്ഷണ വകുപ്പ് അധികൃതർ പറഞ്ഞു. വയനാട്ടിൽ നേരത്തെ പന്നിപ്പനി സ്ഥിരീകരിക്കുകയും പന്നികളെ കൊന്നൊടുക്കുകയും ചെയ്ത സ്ഥലത്ത് നിന്ന് കിലോമീറ്ററുകൾ ദൂരെയുള്ള സ്ഥലത്തെ ഫാമിലാണ് ഇപ്പോൾ പുതിയതായി പന്നിപ്പനി സ്ഥിരീകരിച്ചിരിക്കുന്നത്. 200 പന്നികളാണ് ഇവിടെയുള്ളത്. ഇതേതുടർന്ന് രോഗം സ്ഥിരീകരിച്ച ഫാമിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഫാമുകളുണ്ടെങ്കിൽ അതിലെ എല്ലാ പന്നികളേയും കൊന്നൊടുക്കാനാണ് തീരുമാനം. വയനാടിന് പുറമേ കണ്ണൂരിലും പന്നിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്.കണിച്ചാൽ പഞ്ചായത്തിലെ സ്വകാര്യ പന്നിഫാമിലാണ് രോഗം സ്ഥിരീകരിച്ചത്. നൂറിലധികം പന്നികളാണ് ഇവിടെയുള്ളത്.

## അബ്ദുൾ സലാം നിര്യാതനായി

ചങ്ങനാശ്ശേരി : സിറാജ് പത്രം മുൻ സബ് എഡിറ്റർ തെങ്ങണ പേഴത്തുംമൂട് അബ്ദുൾ സലാം (62) കോഴിക്കോട് അന്തരിച്ചു. തെങ്ങന പേഴത്തുംമൂട് പരേതനായ അബ്ദുസമദിന്റെ മകനാണ്. ഭാര്യ : റഹ്മത്ത് (മൂവാറ്റുപുഴ). മക്കൾ : സൽമാൻ, ഷഹൻഷാൻ, ഷാറൂഖ്. മരുമക്കൾ: ഷഹനാസ്, അമൽ ജഹാൻ, ശബനം ജാസ്മിൻ.

ന്യൂസ് കേരള പരസ്യ വിഭാഗത്തിലും പരേതൻ കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. പരേതന്റെ വിയോഗ



ത്തിൽ എഡിറ്റർ നിസാർ ഒളവണ്ണയും ന്യൂസ് കേരള ജീവനക്കാരും അനുശോചനം രേഖപ്പെടുത്തി.

## ബംഗാളിൽ വൈദ്യുതാഘാതമേറ്റ് 10 തീർഥാടകർ മരിച്ചു, 20 പേർക്ക് പരിക്ക്

കൊൽക്കത്ത: ബംഗാളിലെ കൂച്ച് ബെഹാറിൽ വൈദ്യുതാഘാതമേറ്റ് 10 കൻവാർ തീർഥാടകർ മരിച്ചു. 20 പേർക്കു പരുക്കേറ്റു. കൂച്ച് ബെഹാറിൽനിന്നും ജൽപേഷിലേക്കു പിക്കപ്പ് വാനിൽ പോകുകയായിരുന്ന തീർഥാടകർ ആണ് മരിച്ചത്. ഞായറാഴ്ച രാത്രിയാണ് അപകടമുണ്ടായത്. വാഹനത്തിൽ ഘടിപ്പിച്ചിരുന്ന ജനറേറ്ററിൽനിന്നാണ് ഷോക്കേറ്റത്.

വാഹനത്തിലെ ഡിജെ സിസ്റ്റത്തിന്റെ ജനറേറ്ററിന്റെ വയറിങ് തകരാറിലായതാണ് അപകടകാരണമെന്ന് പൊലീസ് അറിയിച്ചു. സിതാൽകുച്ചി പൊലീസ് സ്റ്റേഷൻ പരിധിയിലുള്ളവരാണ് അപകടത്തിൽപെട്ടത്. പരുക്കേറ്റ 16 പേരെ ജൽപായ്ഗുരി ആശുപത്രിയിലേക്ക് മാറ്റി. വാഹനം പൊലീസ് കസ്റ്റഡിയിലെടുത്തു. വാഹനത്തിന്റെ ഡ്രൈവർ രക്ഷപ്പെട്ടു.

## വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങളെ മതവുമായി ബന്ധപ്പെടുത്തുന്നത് ശരിയല്ല– കെ. അജിത

കോഴിക്കോട് : വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന പരിഷ്കരണങ്ങളെ മതപരമായി ബന്ധപ്പെടുത്തുന്ന പ്രസ്താവനകളോട് ഒരു തരത്തിലും യോജിച്ചു പോവാനാവില്ലെന്ന് ആക്ടിവിസ്റ്റും മനുഷ്യാവകാശ പ്രവർത്തകയുമായ കെ. അജിത. ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾക്കെതിരേ മുസ്ലിം ലീഗ് നേതാവ് എം.കെ മുനീർ നടത്തിയ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു അജിത.

'വിദ്യാഭ്യാസ മേഖലയിലെ പുരോഗമനപരമായ മാറ്റങ്ങൾ മത താത്പര്യങ്ങൾ ദോഷം ചെയ്യുമെന്ന തരത്തലുള്ള പ്രസ്താവനകളോട് ഒരു തരത്തിലും യോജിച്ചു പോവാനാവില്ല. വിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ വേർതിരിവ് വേണ്ട എന്നാണ് എന്റെ അഭിപ്രായം. പെൺകുട്ടികളുടെ സ്വതന്ത്ര ചലനങ്ങളെ നിലവിലെ വേഷം തടസ്സപ്പെടുത്തുന്നുണ്ട്. അതിനെ മറികടന്നവരാണ് ബാലുശ്ശേരി സ്കൂൾ. മുനീർ പറയുന്ന പോലെ ഏതെങ്കിലും ആണിന് സാരിയോ ചുരിദാറോ ഇടണമെന്ന് തോന്നുണ്ടെങ്കിൽ അത് ധരിക്കട്ടെ. സ്ത്രീ പുരുഷ തുല്യതയിലേക്കെത്താൻ വസ്ത്ര ധാരണ രീതിക്ക് വലിയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് സ്കൂളുകളിൽ അത് സൗകര്യാത്മക വസ്ത്രധാരണത്തിലേക്ക് പോവേണ്ടതുണ്ട്. അജിത പ്രതികരിച്ചു.




News Kerala Daily

# ന്യൂസ്കേരള

2022 ആഗസ്റ്റ് 1 തിങ്കൾ

1197 കർക്കിടകം 16 • 1444 മുഹറം 3

## ന്യൂനമർദവും ചുഴലിക്കാറ്റും കനത്ത ജാഗ്രത പാലിക്കണം

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴി ശക്തി പ്രാപിക്കുന്നതിനു പിന്നാലെ സംസ്ഥാനത്ത് മഴയുടെ സ്വഭാവത്തിലും കാറ്റിന്റെ ഗതിയിലും മാറ്റം അനുഭവപ്പെട്ടു തുടങ്ങിയതിനാൽ കനത്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. ചക്രവാതം ന്യൂനമർദമായി മാറുകയും ശാന്തസമുദ്രത്തിൽ രൂപംകൊള്ളുന്ന ചുഴലിക്കാറ്റ് ശക്തമാവുകയും ചെയ്താൽ വരും ദിവസങ്ങളിൽ തുടർച്ചയായി അതിശക്ത മഴയും കാറ്റും ഉണ്ടാവുകയും അതു കരയിലും കടലിലും കനത്ത ആഘാതമുണ്ടാക്കാമെന്നുമാണ് കാലാവസ്ഥ വിദഗ്ധരുടെ നിരീക്ഷണം.

കാലവർഷത്തിലെ മഴ ഇടവേളയിൽ, അന്തരീക്ഷത്തിലുണ്ടായ ഉഷ്ണത്തിന്റെ സ്വാധീനം നിമിത്തം ഇടിയോടുകൂടിയാണ് പലയിടത്തും മഴ പെയ്യുന്നത്. സാധാരണ ഇത്തരം സമയത്ത് ഈ പ്രവണതയുണ്ടാകാറില്ല. തുലാവർഷക്കാലത്താണ് ഇത്തരം അന്തരീക്ഷം ഉണ്ടാകാറുള്ളത്. കഴിഞ്ഞ ദിവസങ്ങളിൽ എരുമേലി, കുമളി, കോഴിക്കോട് കൂടരഞ്ഞി എന്നിവിടങ്ങളിൽ മണിക്കൂറിലധികം നീണ്ടുനിന്ന മഴയും കാറ്റും വലിയ നാശനഷ്ടങ്ങളുണ്ടാക്കി. കൊല്ലം അച്ചൻകോവിലിലും കോട്ടയത്തെ കിഴക്കൻ മേഖലയിലും മലവെള്ളപ്പാച്ചിലുണ്ടായി.

പ്രാദേശികമായി ശക്തമായ മഴയും ചുഴലിയും ഈ വർഷവും കൂടുതലായി കാണപ്പെട്ടു. വരും ദിവസങ്ങളിലും ഈ രീതി ആവർത്തിക്കാനുള്ള സാധ്യതയുമുണ്ട്. കാലവർഷത്തിന്റെ ഇടവേള കാരണം മണ്ണിലെ ഈർപ്പം കുറഞ്ഞത്, വരും ദിവസങ്ങളിലെ തീവ്രമഴ പ്രവചനത്തിനിടയിൽ നേരിയ ആശ്വാസം നൽകുന്നുണ്ടെങ്കിലും ന്യൂനമർദവും ചുഴലിക്കാറ്റും ഒരു പോലെ ശക്തമായാൽ ചിലപ്പോൾ പ്രവചനാതീതമായ സ്ഥിതിവിശേഷം ഉണ്ടാകുമെന്ന നിരീക്ഷണവും ഉണ്ട്.

ദുർബലമായ കാലവർഷക്കാറ്റ് ശ്രീലങ്കൻ ദിശയിലൂടെ ബംഗാൾ ഉൾക്കടലിലെത്തി, ന്യൂനമർദത്തിന്റെ ശക്തിയാർജിച്ച് തിരിച്ചെത്തുമെന്നാണ് ഇപ്പോഴത്തെ സൂചനകൾ. അതിന്റെ ലക്ഷണങ്ങൾ അന്തരീക്ഷത്തിൽ കണ്ടുതുടങ്ങി. ഹിമാലയൻ ഭാഗത്തുൾപ്പെടെ കിടക്കുന്ന കാലവർഷപ്പാത്തി അടുത്തദിവസം തെക്കു ഭാഗത്തേയ്ക്കു നീങ്ങിതുടങ്ങും. ശാന്തസമുദ്രത്തിലെ ചുഴലിയിലാണ് വരും ദിവസത്തെ മഴയുടെ തീവ്രത പ്രധാനമായി നിശ്ചയിക്കുക. നിലവിൽ രൂപപ്പെടുന്ന രണ്ടു സമ്മർദങ്ങൾ ഒരുമിച്ചാൽ ഓഗസ്റ്റ് 2,3,4,5 തീയതികളിൽ സംസ്ഥാനത്ത് തീവ്രമഴ ലഭിക്കുമെന്നാണ് നിഗമനം. മണിക്കൂറിൽ 21 സെന്റീമീറ്റർ മഴ ലഭിക്കുന്ന അതിതീവ്രമഴ ഇപ്പോൾ പ്രവചിക്കപ്പെട്ടിട്ടില്ലെങ്കിലും അതിന്റെ സാധ്യതയെ കാലാവസ്ഥ ശാസ്ത്രജ്ഞർ നിഷേധിക്കുന്നില്ല. ഏഴു വരെയാണ് കേന്ദ്ര കാലാവസ്ഥവകുപ്പിന്റെ കനത്തമഴ പ്രവചനമെങ്കിലും അതേ അന്തരീക്ഷം പിന്നീടും തുടർന്നേയ്ക്കും. കടലിൽ വലിയ ക്ഷോഭമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് തീരദേശത്തും കനത്ത ജാഗ്രത പാലിക്കേണ്ടതുണ്ട്.

## വാമൊഴി



ലിംഗസമത്വത്തിന്റെ പേരിൽ കലാലയങ്ങളിൽ സർക്കാർ മതനിരാസം പ്രോഹത്സാഹിപ്പിക്കുന്നു. ജെൻഡർ ന്യൂട്രാലിറ്റി എന്ന പേരിൽ നടത്തുന്നത് സ്ത്രീകളോടുള്ള വിവേചനമാണ്. ആണുങ്ങളുടെ വസ്ത്രം സ്ത്രീകളെ കൊണ്ട് ധരിപ്പിച്ച് ആൺകോയ്മ വളർത്തുന്നു.

- എം കെ മുനീർ

# കലയുടെ സുവർണ്ണ ത്രികോണം




കാരൂർ സോമൻ

യാത്രകൾ ലോകത്തെയറിയാനാണ്. അത് ഭൂതകാലത്തെ ഇളക്കി മാറ്റി വർത്തമാന കാലത്തേ പ്രതിഷ്ഠി ക്കുന്നു.പടിഞ്ഞാറേ ചക്രവാളം പഴുപ്പിച്ച ഇരുമ്പോലെപോലെ തിളങ്ങി നിൽക്കുമ്പോഴാണ് യാതൊരു കുണ്ടും കുഴിയുമില്ലാത്ത റോഡിലൂടെ ടാക്സി ഡ്രൈവർ ഞങ്ങളെ ഹോട്ടൽ കോൺവെൻഷൻ ഡിഉഡോണിലെത്തി ച്ചത്.ചെരിപ്പില്ലാതെയും യാത്ര ചെയ്യാവുന്ന തെരുവീഥികൾ. കേരളത്തെപ്പറ്റി ലോകാപവാദമുള്ളത് യാത്രിക ർക്ക് സഞ്ചരിക്കാൻ പലയിടത്തും യോഗ്യമായ റോഡുകൾ, ഭക്ഷണശാലകൾ ഇല്ലെന്നാണ്. സഞ്ചാരികളുടെ പറുദീസയായ യൂറോപ്യൻ രാജ്യങ്ങളെപോലെ കേരളവും പുരോഗമിക്കേണ്ടത് പടുത്തുയർത്തേണ്ടത് വന്യവും സുന്ദരവുമായ തിളക്കമാർന്ന റോഡുകളാണ്.പകൽ വിടവാങ്ങിയപ്പോൾ ലജ്ജാവതിയായ സന്ധ്യ നേർത്ത കറുപ്പും നീലയുമുള്ള നിറങ്ങളുമായിട്ടെത്തി ഇരുളിനെപുണരാൻ കാത്തിരുന്നു.ഇനിയും വരാനിരിക്കുന്നത് ആകാശത്തു് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാണ്.സുഖനിദ്രയിൽ നിന്നുണരുമ്പോൾ കാണുന്ന കാഴ്ച്ച ഹോട്ട ലിന് മുന്നിലെ പൂക്കളിൽ നിന്ന് ഒലിച്ചിറങ്ങുന്ന തെളിനീരുപോലുള്ള മഞ്ഞിൻ കണങ്ങളാണ്. ഹോട്ടൽ മുറിയി ലെത്തിയപ്പോൾ നന്നേ യാത്രാക്ലേശം അനുഭവപ്പെട്ടു. നീന്തൽകുളത്തിൽ നീന്തിക്കുളിക്കുന്നതുപോലെ ചൂടു വെള്ളത്തിൽ കുളിച്ചിറങ്ങിയപ്പോൾ മനസ്സിനാകെ നവോന്മേഷമുണ്ടായി.ഹോട്ടൽ റസ്റ്ററന്റിൽ നിന്ന് ഭക്ഷണം കഴിച്ചെത്തിയ ഞങ്ങൾ അടുത്ത ദിവസത്തെ യാത്ര ആർട്ട് ഗാലറിയായ തൈസെൻ ബോസ്സിനെമിസ മ്യൂസിയ ത്തിലേക്ക് തീർച്ചപ്പെടുത്തി. ഭൂമിയും നിലാവും ഞാനും ഭാര്യയും പ്രണയ ലഹരിയിൽ നീരാടിക്കൊണ്ടിരിക്കെ പ്രഭാത നിലാവിനെ പ്രണയിക്കാൻ ഉദയസൂര്യനെത്തി. സുര്യനെ ആദരപൂർവ്വം വണങ്ങി എഴുന്നേറ്റു.

പ്രഭാത ഭക്ഷണങ്ങൾ കഴിച്ചിട്ട് അടുത്തുള്ള ഒഡോണൽ ട്രെയിൻ സ്റ്റേഷനിൽ നിന്ന് സിബെലെ സ്റ്റേഷ നിലേക്ക് ട്രെയിൻ കയറി. അവിടെനിന്ന് നടന്നെത്തിയത് തൈസെൻ ബോസ്സിനെമിസ മ്യൂസിയത്തിലാണ്. മുൻഭാഗം കണ്ടാൽ പഴയെ ഒരു രാജകൊട്ടാരത്തിന്റെ പ്രതീതിയാണ്. മുന്നിൽ ഉദ്യാനമുണ്ട്. മുകളിലേക്ക് കണ്ണുകളുയർത്തി നോക്കി. മൂന്ന് നിലകളുടെ വർണ്ണഭംഗി തിളങ്ങുന്നു.കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ശയി ക്കുന്നത് കലാസൃഷ്ഠികളാണ്. ഒരേ നിറത്തിലും രൂപത്തിലുമുള്ള ജനാലകൾ മുകളിൽ നിന്ന് താഴേക്ക് നിൽക്കുന്നത് കണ്ടാൽ ഇവരുടെ വാസ്തുശില്പി മഹിമ ആരിലും ആനന്ദാശ്രു നിറയ്ക്കും. ആകാശം വിളറി വെളുത്തു നിന്നു.ടിക്കറ്റ് ഓൺലൈനായി എടുത്തത് പരിശോധകരെ കാണിച്ച്ു് അകത്തു കടന്നു. അകത്തള ങ്ങളിൽ മഴവില്ലൊളി ചിതറുന്ന ചിത്ര-ശില്പങ്ങൾ എങ്ങും പ്രഭ പരത്തുന്നു.സഞ്ചാരികളുടെ കൂട്ടത്തിൽ ഒരു ഗർഭിണി മന്ദം മന്ദം അതിരറ്റ ആനന്ദത്തോടെ മുന്നോട്ട് നടന്നുപോകുന്നത് നോക്കി നിന്നു. അതോർത്ത പ്പോൾ എന്റെ മനസ്സൊന്ന് വിളറി. അവരുടെ ഭർത്താവോ അതോ കാമുകനോ ഒപ്പമുള്ളത് നന്നായി.മനസ്സിൽ അശുഭ ചിന്ത വളർന്നത് ഈ ഗർഭിണി വെണ്ണപോലുള്ള തറയിൽ കാലൊന്ന് തെറ്റി വീണാൽ എന്താകും?

ഈ സമയം എന്റെ മനസ്സിലേക്ക് വന്നത് വിശ്വ പ്രസിദ്ധങ്ങളായ വത്തിക്കാനിലെ സിസ്റ്റയിൻ ചാപ്പൽ, ഫ്ലോറെൻസ്, വിയന്ന, പാരീസ്, ലണ്ടൻ, ന്യൂയോർക്ക്, ജർമ്മനി, വിയന്ന, ഫിൻലൻഡ് തുടങ്ങിയ ധാരാളം ദേശങ്ങളിലെ ആർട്ട് ഗാലറികളിലെ വർണ്ണോജ്വല ചിത്ര ശില്പങ്ങളാണ്.അവിടെ കണ്ട കലയുടെ മായാപ്രപ ഞ്ചമാണ് ഇവിടെയുമുള്ളത്. മാഡ്രിഡിലെ പ്രധാന ആർട്ട് മ്യൂസിയമാണ് തൈസെൻ-ബോർനെമിസ ദേശീയ മ്യൂസിയം,അല്ലെങ്കിൽ ത്യ്സെൻ, നഗരത്തിലെ പ്രധാന ബൊളിവാർഡുകളിലൊന്നിൽ പ്രാഡോ മ്യൂസിയത്തി നടുത്താണ് സ്ഥിതിചെയ്യുന്നത്. 'കലയുടെ സുവർണ്ണ ത്രികോണം' എന്നും ഈ മ്യൂസിയം അറിയപ്പെടുന്നു.





അതിൽ പ്രാഡോയും റീന സോഫിയ ദേശീയ ഗാലറികളും ഉൾപ്പെടുന്നു. അകത്തെങ്ങും കലാ സൃഷ്ഠികളുടെ സൗന്ദര്യം മാത്രമല്ല ശാസ്ത്രത്തിന്റെ ആധുനിക ശില്പഭംഗിയാലും ശോഭിക്കുന്നു. ഇവിടുത്തെ കലാ ശാസ്ത്ര മേഖലയിലുള്ളവരുടെ ഭാവനകൾക്ക് മുന്നിൽ നമിച്ചു നിൽക്കാനേ സാധിക്കുന്നുള്ളൂ.

അഗാധ പരിജ്ഞാനമുള്ള ഭരണാധിപന്മാർ, കലാപ്രതിഭകളുടെ ചിത്രങ്ങളെ കണ്ടുകൊണ്ടാകണം ലോകത്തുള്ള പ്രമുഖ ആർട്ട് ഗാലറിയായി തൈസെൻ ബോർനെമിസയെ കലാലോകം കണ്ടത്. യൂറോപ്പിന്റെ ചരിത്രം വിളിച്ചോതുന്ന പതിമൂന്നാം നൂറ്റാണ്ടിലെ ഗോഥിക് പെയിന്റിംഗുകൾ മുതൽ ഇരുപതാം നൂറ്റാണ്ടിലെ പോപ്പ് ചിത്രങ്ങളടക്കം ആയിരത്തി അറുന്നുറിലധികം ചിത്രങ്ങൾ ഇതിനുള്ളിൽ ഇടംപിടിച്ചിട്ടുണ്ട്. സ്പെയി നിലെ പ്രമുഖ കാലശേഖരങ്ങളിൽ ഒന്നാണിത്. പ്രമുഖ ചിത്രകാരന്മാരായ വാൻ ഗോഗ്, ഗോയ, പിക്കാസോ തുടങ്ങിയവരുടെ ലോകോത്വര സൃഷ്ഠികളും ഇവിടെയുണ്ട്. കലാ സാഹിത്യത്തോടുള്ള കടുത്ത പ്രണയമാണ് ബാരൺ ഹെൻറിച്ച് തൈസെൻ-ബോർനെമിസയും അദ്ദേഹത്തിന്റെ മകൻ ഹാൻസ് ഹെൻറിച്ചും ചേർന്ന് ശേഖരിച്ച അതിമനോഹരങ്ങളായ ചിത്രങ്ങൾ ഈ മ്യൂസിയത്തിൽ വിരിഞ്ഞു നിൽക്കുന്നു.

ഈ മ്യൂസിയം ആദ്യം സ്ഥാപിച്ചത് 1992-ൽ മാഡ്രിഡിലെ വില്ലഹെർമോസ കൊട്ടാരത്തിലാണ്. ആരാധകരുടെ എണ്ണം വർധിച്ചതോടെ തുച്ഛമായ വില വാങ്ങി രാജ്യത്തിന് സമർപ്പിച്ചു. ഓരോ ചിത്രങ്ങൾ ചിറകുകൾ മുളച്ചു പറക്കുന്നതായി തോന്നി. 2004-ലാണ് ഇത് പൊതുജനത്തിനായി തുറന്നുകൊടുത്തത്. ഓരോ ഗാലറി കളും വ്യത്യസ്തങ്ങളായ കാഴ്ചകളാണ് നല്കുന്നത്. മ്യൂസിയത്തിൽ പൂച്ചട്ടികൾ, കുഞ്ഞുമരങ്ങൾ വളർന്നു നിൽക്കുന്നു. അതിരറ്റ ആശ്ചര്യവും ജിജ്ഞാസയുമുണ്ടായി. ചിത്രങ്ങളെല്ലാം മനസ്സിന് കുളിർമ്മ നൽകുന്നു. സഞ്ചാരികൾ ചിത്രങ്ങൾ കണ്ട് നടക്കുന്നതിനിടയിൽ ഒരു യുവാവും യുവതിയും വെമ്പൽ പൂണ്ട് കവിളിൽ മുട്ടിയുരുമ്മി മുന്നോട്ട് പോയി. ആദ്യം കണ്ട ഗർഭിണി മനസ്സിൽ വന്നു. ഇവർ എവിടെയെങ്കിലും തട്ടിവീഴുമോ?

അധ്യാപർക്കൊപ്പം കുട്ടികളെയും കണ്ടു. അവർ മിഴികൾ വിടർത്തി അധ്യാപകർ പറഞ്ഞ് കൊടുക്കു ന്നത് ശ്രദ്ധയോടെ കേൾക്കുന്നു.ചെറു പ്രായം മുതൽ കുട്ടികൾ അഭ്യസിക്കുന്നത് കലാ സാഹിത്യ ജ്ഞാനഭണ്ഡാ ഗാരമാണ്.നമ്മുടെ കേരളം അഭ്യസിക്കുന്നത് മാജിക് സിനിമകളിലാണ്. ജ്ഞാനത്തെ അവഗണിക്കുന്നതിനാൽ സന്മാർഗ്ഗത്തിൽ നിന്ന് കുട്ടികൾ വ്യതിചലിക്കുന്നു. ഏറെനേരം അവരെ നോക്കി നിൽക്കുന്നത് കണ്ട് മകൾ സിമ്മി എന്നെ വിളിച്ചു. നമ്മുടെ കുട്ടികൾക്ക് ഇതുപോലെ കാന്തി പകരുന്ന ചിത്രങ്ങൾ, ശില്പങ്ങൾ കാണാൻ പാശ്ചാത്യ രാജ്യങ്ങളിൽ പോകേണ്ടി വരുന്നു. ഏറ്റവും മുകളിലെ നിലയിൽ പതിനേഴാം നൂറ്റാണ്ടിലെ ആദ്യകാല ഇറ്റാലിയൻ കലകൾ പ്രദർശിപ്പിച്ചിരിക്കുന്നു, ഒന്നാം നിലയിൽ കാണുന്നത് പതിനേഴാം നൂറ്റാണ്ടിലെ ഡച്ച്, ജർമ്മൻ കലകളാണ്. പുറത്തു് വൃക്ഷ ലതാദികളുടെ ഹരിതാഭ ശോഭയെങ്കിൽ അകത്തുള്ളത് പ്രഭാതത്തിന്റെ അരുണിമകലർന്ന നിറച്ചാർത്തുള്ള ചിത്രങ്ങളാണ്. ഏറ്റവും താഴെയുള്ള നിലയിൽ പത്തൊൻമ്പത് ഇരുപതാം നൂറ്റാണ്ടിലെ പെയിന്റിംഗുകൾ ആണ്. എന്റെ മിഴികൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പോയ്ക്കൊണ്ടിരിന്നു. വിവിധ നിറങ്ങളാൽ താരും തളിരുമണിഞ്ഞു നിൽക്കുന്ന പൂന്തോട്ടം. മുൻപ് ബ്രിട്ടീഷ് റോയൽ ശേഖരം കഴി ഞ്ഞാൽ ഇത് ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സ്വകാര്യ ശേഖരമായിരുന്നു. ഏത് ചിത്രമെടുത്താലും കലയുടെ പ്രകാശവർഷം മാത്രമല്ല ഒഴുകി പരക്കുന്നത് അതിനൊപ്പം ജീവിതത്തിന്റെ നീരൊഴുക്കുകളാണ്.

ആരോഗ്യകേരള

# പേരയ്ക്കയുടെ ആരോഗ്യഗുണങ്ങൾ

ആരോഗ്യത്തിന് അത്യാവശ്യമായ ഘടകങ്ങളെല്ലാം വേണ്ടുവോളമുള്ള ഒരു പഴമാണ് പേരയ്ക്ക ധാതു സമ്പത്തിന്റെ ഒരു പവർ ഹൗസ് എന്നുവേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാമെന്നാണ് ഡോക്ടർമാർ പറയുന്നത്. കണ്ടാൽ കുഞ്ഞനാണെങ്കിലും വിറ്റാമിൻ-സി, തൊലിക്ക് ആവശ്യമായ ആന്റി ഓക്സിഡന്റുകൾ എന്നിവ യഥേഷ്ടം നൽകാൻ കഴിയുന്നതാണ്. മാംഗനീസിന്റെ സാന്നിധ്യവും ഇതിൽ കൂടുതലാണ്.

രക്തസമ്മർദ്ദം സാധാരണ നിലയിലാക്കാൻ കഴയുന്ന വിധത്തിൽ പൊട്ടാസ്യത്തിന്റെ അളവും ഇതിൽ നിന്ന് ലഭിക്കും കണ്ടാൽ കുഞ്ഞനാണെങ്കിലും വിറ്റാമിൻ -സി, തൊലിക്ക് ആവശ്യമായ ആന്റി ഓക്സിഡന്റുകൾ എന്നിവ യഥേഷ്ടം നൽകാൻ കഴിയുന്നതാണ്. മാംഗനീസിന്റെ സാന്നിധ്യവും ഇതിൽ കൂടുതലാണ്. രക്തസമ്മർദ്ദം സാധാരണ നിലയിലാക്കാൻ കഴയുന്ന വിധത്തിൽ പൊട്ടാസ്യത്തിന്റെ അളവും ഇതിൽ നിന്ന് ലഭിക്കും. ഒരു വാഴപ്പഴം കഴിക്കുന്നതിന് തുല്യമാണ് പേരക്ക കഴിക്കുന്നതും. പേരക്ക കഴിക്കുന്നതുകാരണം ശരീരത്തിൽ ജലത്തിന്റെ അളവ് സംരക്ഷിച്ചു നിർത്താനും കഴിയും. ഓറഞ്ചിലുള്ളതുപോലെ വിറ്റാമിൻ-സിയുടെ അളവ് പേരക്കയിലും ധാരാളമുണ്ട്. നാല് ഓറഞ്ച് കഴിക്കുന്നതിന് തുല്യമാണ് ഒരു പേരക്ക തിന്നുന്നതെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. അണുബാധ തടയുന്നതിനും ഈ പഴം വളരെ ഗുണം ചെയ്യുന്നുണ്ട്. ലൈസോപിൻ, ക്വർസിറ്റിൻ, വിറ്റാമിൻ-സി, മറ്റ് ആന്റി ഓക്സിഡന്റുകൾ തുടങ്ങിയവയുള്ളതുകാരണം കാൻസർ കോശങ്ങളുടെ വളർച്ച തടയാൻ പേരക്കക്ക് കഴിയും. ഗർഭാശ-സ്തനാർബുധങ്ങളെ തടയാൻ ഏറ്റവും നല്ല ഔഷധമായിട്ടും പേരക്കയെ കണക്കാക്കാമെന്നും ശാസ്ത്രലോകം പറയുന്നു. നാര് ധാരാളം അടങ്ങിയ പഴമാണ് പേരക്ക.അതുകാരണം ഡയബറ്റിക്കിനെ തടയാൻ ഇത് ഏറ്റവും ഗുണകരമാണ്. പഞ്ചസാരയുടെ അളവ് കുറക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ശരീരത്തിലെ പൊട്ടാസ്യത്തിന്റേയും സോഡിയത്തിന്റേയും അളവ് തുല്യമാക്കി നിർത്താൻ പേരക്കക്ക് കഴിയും.



രക്ത സമ്മർദ്ദം സാധാരണ നിലയിലാക്കാൻ കഴിയുമെന്നതുപോലെ കൊളസ്ട്രോൾ നിയന്ത്രിക്കാനും ഇതിന് കഴിയും. ഹൃദയത്തെ സാരമായി ബാധിക്കുന്ന രോഗത്തെ ഇതുവഴി തടയാനാകും. നല്ല കൊളസ്ട്രോളിനെ ഉദ്പാദിപ്പിക്കാനും ഇതിന് കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ദിനം പ്രതി കഴിക്കുന്ന നാരുള്ള ഭക്ഷണങ്ങളിൽ 12 ശതമാനം പേരക്ക ഉൾപ്പെടുത്തണമെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. വിറ്റാമിൻ-എ പ്രധാനം ചെയ്യുന്നുവെന്നതുകൊണ്ട് കാഴ്ച ശക്തിക്ക് ഇത് ഏറ്റവും ഗുണകരമെന്നാണ് വിലയിരുത്തപ്പെടുന്നത്. കാഴ്ച മങ്ങുന്നത് തടയാനും ഇതിന് കഴിയും. കാരറ്റിലെന്നപോലെയാണ് വിറ്റാമിൻ എയുടെ അളവ് പേരക്കയിലും. ഉൾപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഗർഭകാലത്ത് പേരക്ക കഴിക്കുന്ന സ്ത്രീകൾക്ക് തങ്ങളുടെ കുഞ്ഞിന്റെ ആരോഗ്യത്തിന് വലിയ സംഭവന നൽകാൻ കഴിയും. കുഞ്ഞിന് ന്യൂറോളജിയുമായി ബന്ധപ്പെട്ട താളപ്പിഴകൾ ഉണ്ടെങ്കിൽ അത് തടയാൻ പേരക്കയുടെ ഔഷധമൂല്യം സഹായിക്കും. പല്ലുവേദന തടയാം പേരമരത്തിന്റെ കായ മാത്രമല്ല ഇലയും ഔഷധമൂല്യമുള്ളതാണ്. പല്ലുവേദന തടയാൻ ഇലകൾക്ക് കഴിയുമെന്നത് ശ്രദ്ധേയമാണ്. മോണയിൽ വളരുന്ന ബാക്ടീരിയ തടയാനും അണുബാധക്കെതിരേയും പേരഇല ശക്തമാണ്. വീട്ടിൽ ഒരു വൈദ്യൻ എന്ന നിലയിൽ പേരഇല ഉപയോഗിക്കാമെന്നതാണ് പ്രത്യേകത. പേരയില ജ്യൂസ് അടിച്ച്‌വായ കഴുകുന്നതും മോണ രോഗത്തെ തടയാൻ ഫലപ്രദമാണ്. ഞരമ്ബുകളും മസിലുകളും സംരക്ഷിക്കാൻ പേരക്കക്ക് കഴിയും. ചിലർക്ക് മസിൽ വേദന ശമിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകാറുണ്ട്. ഇത്തരക്കാർ പേരക്ക കഴിക്കുന്നത് മസിൽവേദന ശമിപ്പിക്കാൻ കഴിയും. വിറ്റാമിൻ ബി-3, ബി-6 എന്നിവ അടങ്ങിയതുകാരണം രക്ത ചംക്രമണത്തെ പരിപോഷിപ്പിക്കാൻ പേരക്കക്ക് കഴിയും. ഇത് തലച്ചോറിനെയാണ് ഏറ്റവും കൂടുതൽ ഗുണം ചെയ്യുന്നത്. പ്രോട്ടീൻ, വിറ്റാമിൻ, ഫൈബർ എന്നിവ അടങ്ങിയതുകാരണം പേരക്ക കഴിക്കുന്നവർക്ക് പൊണ്ണത്തടി കുറക്കാൻ കഴിയുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ദഹന പ്രക്രിയ വേഗത്തിലാക്കും. ആപ്പിൾ, ഓറഞ്ച്, മുന്തിരി തുടങ്ങിയ പഴങ്ങളേക്കാൾ പഞ്ചസാരയുടെ അളവ് പേരക്കയിൽ കുറവാണ്. ഇതും ശരീരത്തിന് ഗുണം ചെയ്യും. വിറ്റാമിൻ-സിക്കു പുറമെ ഇരുമ്ബ് സത്തും അടങ്ങിയതുകാരണം പകർച്ച വ്യാധികളെ തടയാനും രപേരക്ക ഇലക്ക് കഴിയും. ചുമയും കഫക്കെട്ടും പിടിപെട്ടവർ പേരക്ക ഇലയിട്ട് തിളപ്പിച്ച വെള്ളം കുടിക്കുന്നതും പേരക്കയിലയിട്ട് തിളപ്പിച്ച വെള്ളത്തിൽ നിന്നുള്ള ആവി പിടിക്കുകയും ചെയ്താൽ ശമനം കിട്ടുമെന്നാണ് ഗവേഷകർ പറയുന്നത്.

## ഖത്തർ വിസക്ക് കൂടുതലായി ആവശ്യപ്പെടുന്ന മെഡിക്കൽ പരിശോധനകൾ അറിയിക്കണമെന്ന്

കോഴിക്കോട് : ഖത്തറിൽ വിസക്കായി അപേക്ഷിച്ചിട്ടുള്ളവരോട് മെഡിക്കൽ റഫറലിൽ നിർദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും പരിശോധനകൾ നടത്താൻ എക്സ്റ്റേണൽ മെഡിക്കൽ സെന്ററുകളിൽ നിന്ന് ആവശ്യപ്പെടുകയാണെങ്കിൽ ആ വിവരം അപേക്ഷകർ ഖത്തർ മെഡിക്കൽ സെന്ററിനെ അറിയിക്കണമെന്ന് അപേക്ഷകരുടെ അറിവിലേക്കായി ഖത്തർ വിസാ സെന്റർ അറിയിച്ചു. +91 4461331333 എന്ന നമ്പറിലോ info@qatarmedicalcenter.com/ info.ind@qatarvisacenter.com എന്ന ഇമെയിലിലോ ആണ് അറിയിക്കേണ്ടത്.

സി ടി സ്കാൻ, ക്വാണ്ടിഫെറോൺ തുടങ്ങി ഖത്തർ ആരോഗ്യ മന്ത്രാലയം നിർദേശിക്കുന്ന ചില വിപുല പരിശോധനകൾക്ക് മാത്രമാണ് എക്സ്റ്റേണൽ ഹെൽത്ത് കെയർ വെൽ ഫെസിലിറ്റികൾ സന്ദർശിക്കാൻ അപേക്ഷകരോട് നിർദേശിക്കുന്നത്.

പ്രാഥമിക മെഡിക്കൽ റിപ്പോർട്ടുകൾ വിലയിരുത്തിയ ശേഷം ചില അപേക്ഷകരോട് മാത്രമാണ് കൂടുതൽ പരിശോധനകൾക്കായി മെഡിക്കൽ റഫറൽ ഇഷ്യൂ ചെയ്യാറു ള്ളത്. എൻ. എ.ബി. എൽ, എൻ.ബി.എച്ച് മാനദണ്ഡങ്ങൾ പാലിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളെ ഖത്തർ മെഡിക്കൽ സെന്റർ തന്നെ കണ്ടെത്തി ഇതിനായി എം.പാനൽ ചെയ്തിട്ടുണ്ട്. അധിക വൈദ്യ പരിശോധനകൾക്ക് അതാത് കേന്ദ്രങ്ങളിൽ നിന്ന് ഔദ്യോഗിക രസീത് നല്കുന്നതുമാണ്.

വൈദ്യ പരിശോധനയുടെ സ്റ്റാറ്റസ് സംബന്ധിച്ച തുടർ വിവരങ്ങൾ ഖത്തർ മെഡിക്കൽ സെന്റർ സിസ്റ്റം / ഖത്തർ വിസ സെന്റർ വെബ്സൈറ്റ് വഴിയോ അപേക്ഷകർക്ക് നേരിട്ടു ലഭിക്കും. എന്നാൽ എന്തു കാരണത്താലാണ് മെഡിക്കൽ അൺ ഫിറ്റ് എന്നത് ആരോഗ്യ മന്ത്രാലയം വെളിപ്പെടുത്തുന്നതല്ല. മെഡിക്കൽ റഫറലുകൾക്കായി അപ്പോയ്മെന്റ് ബുക്ക് ചെയ്യാൻ ഖത്തർ വിസ സെന്റർ ഹെൽപ്പ് ലൈൻ നമ്പറിലൂടെയും സാധിക്കുമെന്നും ഖത്തർ യാത്ര ചെയ്യുന്നവരുടെ ശ്രദ്ധയ്ക്കായി അധികൃതർ അറിയിച്ചു.

## എ ടി എസ് എൽ ജിയും വിടെക്ക് സ്പെയിനും നിർമാണ കരാറിൽ

കൊച്ചി : എൽജി എക്വിപ്മെന്റ്സിന്റെ അനുബന്ധ സ്ഥാപനവും ഗ്യാരേജ് ഉപകരണങ്ങളുടെ മുൻനിര നിർമാതാക്കളുമായ എടിഎസ് എൽജിയും വാഹന പരിശോധന ഉപകരണ നിർമ്മാണ രംഗത്തെ ആഗോള പ്രമുഖരായ വിടെക്കും നിർമാണ കരാറിലേർപ്പെട്ടു. കരാറിന്റെ ഭാഗമായി ഇറക്കുമതി ചെയ്ത വാഹന പരിശോധനാ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കും. കോയമ്പത്തൂരിൽ സ്ഥാപിക്കുന്ന 7500 ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ ഉല്പാദന യൂണിറ്റിൽ, ഇന്ത്യൻ വിപണിക്കാവശ്യമായ ഉല്പന്നങ്ങൾ മിതമായ വിലയിൽ ലഭ്യമാക്കും. ബ്രേയ്ക്ക്, സസ്പെൻഷൻ, സ്ലിപ്പ്, സ്പീഡോ ടെസ്റ്ററുകൾ, ആക്സിൽ പ്ലേ, ഡിറ്റക്ടറുകൾ, സ്റ്റിയറിങ്ങ് ഗിയർ പ്ലേ എന്നിവയായിരിക്കും ഇവിടെ നിർമിക്കുക. വർഷങ്ങളായി പ്രസ്തുത ഉല്പന്നങ്ങൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണെന്ന് എടിഎസ് എൽജി മാനേജിംഗ് ഡയറക്ടർ പ്രവീൺ തിവാരി പറഞ്ഞു. പുതിയ കരാർ പ്രകാരം ഇന്ത്യൻ ഉപഭോക്താക്കൾക്ക് ഉപകരണങ്ങൾ മിതമായ വിലയിൽ, അതിവേഗം ലഭ്യമാക്കാൻ കഴിയും.

2020-ൽ അഞ്ചാമത്തെ ഏറ്റവും വലിയ കാർ വിപണിയായിരുന്നു ഇന്ത്യയെന്ന് എൽജി എക്വിപ്മെന്റ് ചെയർമാൻ ഡോ. ജയറാം വരദരാജ് പറഞ്ഞു. കംപോണന്റുകൾ ഉൾപ്പെടെ ഉള്ള രാജ്യത്തെ കാർ വിപണിമൂല്യം 2026-ഓടെ 16.1 മുതൽ 18.1 വരെ ട്രില്ല്യൺ രൂപയായി ഉയരുമെന്നാണ് സൂചന. ഫാസ്റ്റർ അഡോപ്ഷൻ ഓഫ് ഹൈബ്രിഡ് ആൻഡ് ഇലക്ട്രിക് വെഹിക്കിൾസ് (ഫെയിം) നാഷണൽ ഓട്ടോമോട്ടീവ് ടെസ്റ്റിംഗ് ആൻഡ് ആർ ആൻഡ് ഡി ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ്; ഭാരത് സ്റ്റേജ് ആറ് തുടങ്ങിയവയാണ് ഭാരത സർക്കാരിന്റെ വാഹന നിർമ്മാണ പരിശോധനാ സംവിധാനങ്ങൾ. അടുത്ത അഞ്ചുവർഷത്തിനിടെ രാജ്യത്തെ 200-ലധികം പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

80-ലധികം രാജ്യങ്ങളിലായി വിടെക് 6000-ലധികം വാഹന പരിശോധന ലെയ്നുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് https://www.ibef.org/blogs/high-speed-track-for-automobile-testing-in-india വൺ സ്റ്റോപ്പ് ഷോപ്പ് എന്ന പരിപാടിയിലൂടെ ഗ്യാരേജ് ഉൽപ്പന്നങ്ങളുടെ ഏറ്റവും വിപുലമായ ശ്രേണിയാണ് എടിഎസ് എൽജി അവതരിപ്പിക്കുന്നത്. 60 വർഷത്തെ പാരമ്പര്യമാണ് എൽജിക്കുള്ളത്. കൂടുതൽ വിവരങ്ങൾക്ക് www.vteq.es/en

വ്യക്തി പരിചയം

# കവിതകളുടെ അനുഭവത്തെ അനുഭൂതിയാക്കിയ സച്ചിദാനന്ദൻ



മിനി സജി

ജനകീയസാംസ്കാരികവേദിയിലെ സജീവപങ്കാളിയായിരുന്നു സച്ചിദാനന്ദൻ. തനതായ ശബ്ദത്തിലൂടെ വിശ്വസാഹിത്യത്തിലെ വിസ്മയങ്ങളുടെ മഹത്വം അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കവിതകൾ സാഹിത്യപ്രേമികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും നിരവധി ഭാഷകളിലേക്ക് മെഴിമാറ്റംനടത്തുകയും, കവിതകളിലൂടെ മലയാളമെന്ന അനുഭവത്തെ അനുഭൂതിയാക്കുകയും വായനക്കാരുടെ ഹൃദയങ്ങളിൽ ഇടംപിടിക്കുകയുംചെയ്തു.

കവിതകളുടെ കവിത്വം നഷ്ടപ്പെടാതെ മൊഴിമാറ്റം നടത്തിയിട്ടുള്ള പ്രതിഭയും, ലോകകവിതയിലേക്ക് ജാലകം തുറക്കുകയുംചെയ്ത മഹാപ്രതിഭകൂടിയാണിദ്ദേഹം. സ്വാന്തം കവിതകളെയും മറ്റുള്ളവരുടെ കവിതകളെയും പഠിച്ച് സമൂഹമാധ്യമങ്ങളിൽ സർഗ്ഗാത്മകമായി അവതരിപ്പിച്ചു. നല്ല കവിതയുടെ ഉറ്റതോഴനായി ആനുകാലികങ്ങളിൽ നിറഞ്ഞുനിൽക്കുന്ന സാന്നിധ്യമാണ് സച്ചിദാനന്ദൻ. ഇപ്പോൾ കേരളസാഹിത്യ അക്കാദമി പ്രസിഡന്റുകൂടിയായ

ലോകമറിയുന്ന മലയാളകവിയും നിരൂപകനും വിവർത്തകനുമാണ് സച്ചിദാനന്ദൻ. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ പുല്ലൂറ്റ് ജനനം. പുല്ലൂറ്റ് എൽ.പി , യുപി സ്കൂൾ, കൊടുങ്ങല്ലൂർ ബോയ്സ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ,കൊച്ചി മഹാരാജാസ് കോളേജ്, എന്നിവിടങ്ങളിൽ വിദ്യാഭ്യാസം .ക്രൈസ്റ്റ് കോളേജ് ലക്ചറർ ,പ്രഫസർ , കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറി, ഇന്ത്യ ഗവൺമെൻറ് ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ഭാഷോപദേഷ്ടാവ് 'കഥ' യുടെയും സാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ ഇന്ത്യൻ ലിറ്ററേച്ചറിന്റെയും എഡിറ്റർ.

ഡൽഹിയിലെ സ്കൂൾ ഓഫ് ട്രാൻസ്ലേഷൻസ്റ്റഡീസ് ഡയറക്ടർ, തുടങ്ങി വിവിധമേഖലകളിൽ സേവനമനുഷ്ഠിച്ചു. കവിത ,നാടകം, ലേഖനം, യാത്രാവിവരണം എന്നിവയിൽ അമ്പതോളം സ്വതന്ത്രകൃതികൾ. പ്രധാന ഇന്ത്യൻ ഭാഷകൾ കൂടാതെ ഇംഗ്ലീഷ് ,ജർമൻ ,ഫ്രഞ്ച്, ഐറിഷ് , ഇറ്റാലിയൻ, അറബി ഭാഷകളിൽ സ്വന്തം കവിതയുടെ വിവർത്തനസമാഹാരങ്ങൾ.

കേരളസാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം ,ആശാൻ അവാർഡ് ,വയലാർ അവാർഡ് ,ഉള്ളൂർ പുരസ്കാരം, പ്രഥമ കടമ്മനിട്ട അവാർഡ്, എൻ.ടി രാമറാവു ദേശീയപുരസ്കാരം ഗംഗാധർ മെഹർ ദേശീയപുരസ്കാരം പ്രഥമ പി കുഞ്ഞിരാമൻ നായർ പുരസ്കാരം, മസ്കത്ത് ,ബഹ്റൈൻ മലയാളിസമാജ പുരസ്കാരങ്ങൾ, തുടങ്ങി സാ



ഹിത്യത്തിന് ഇറ്റാലിയൻ ഗവൺമെന്റിന്റെ നൈറ്റ് ഹുഡ്, ബിർളാ ഫെലോഷിപ്പ് കൂടാതെ നിരവധി ബഹുമതികൾ. (അപൂർണം) ഇവനെക്കൂടി ,കവി ബുദ്ധൻ, ദേശാടനം, മലയാളം, മറന്നുവച്ച വസ്തുക്കൾ, വിക്ക്, വീടുമാറ്റം, ബഹുരൂപി, നിൽക്കുന്ന മനുഷ്യൻ, സംസ്കാരത്തിന്റെ രാഷ്ട്രീയം, ദുഃഖം എന്ന വീട് തുടങ്ങി നിരവധി കൃതികൾ. ഭാര്യ : ബിന്ദു. മക്കൾ : സരിത, സബിത.

# സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് വജ്രജൂബിലി - വിജ്ഞാനോത്സവം മേഖലാതല സ്വാഗതസംഘമായി

കോഴിക്കോട് : സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വജ്രജൂബിലിയുടെ ഭാഗമായി നടത്തുന്ന വിജ്ഞാനോത്സവം പരിപാടിയുടെ കോഴിക്കോട് മേഖലാ തല സ്വാഗത സംഘം രൂപീകരിച്ചു. കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആഗസ്റ്റ് മൂന്നാം വാരം വിവിധ പരിപാടികളോടെ ജില്ലയിൽ വിജ്ഞാനോത്സവം സംഘടിപ്പിക്കാൻ തീരുമാനമായി. ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളുടെ സംസ്ഥാനത്തെ ആദ്യമേഖലാതല യോഗമാണ് മേയറുടെ ചേംബറിൽ നടന്നത്. കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളെ ഉൾപ്പെടുത്തിയാണ് കോഴിക്കോട് മേഖലാ വിജ്ഞാനോത്സവം. കോഴിക്കോട് ടൗൺ ഹാൾ, മീഞ്ചന്ത ഗവ. ആർട്സ് കോളേജ് എന്നിവിടങ്ങളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. വിജ്ഞാനോത്സവത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്ക് ഉപന്യാസ മത്സരങ്ങൾ, കോളേജ് വിദ്യാർഥികൾക്കായി സെമിനാറുകൾ, സിംപോസിയങ്ങൾ എന്നിവ സംഘടിപ്പിക്കും. കൂടാതെ സാംസ്കാരിക സമ്മേളനങ്ങൾ, കലാ പരിപാടികൾ എന്നിങ്ങനെ വിപുലമായ പരിപാടികളാണ് നടത്തുന്നത്.

ജ്ഞാനസമൂഹനിർമിതി എന്ന സർക്കാർ ലക്ഷ്യത്തെ മുൻനിർത്തിയുള്ള പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് സർവവിജ്ഞാനകോശം ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ് പറഞ്ഞു. മേയർ ഡോ.ബീന ഫിലിപ്പ് ചെയർപേഴ്സണും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ഡോ. എ.കെ അബ്ദുൽ ഹക്കിം കൺവീനറുമായുള്ള സംഘാടക സമിതിയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാംസ്കാരിക പ്രവർത്തകർ, അധ്യാപകർ, സർവകലാശാല വിദ്യാർഥികൾ എന്നിവർ അംഗങ്ങളാണ്. മേയർ ഡോ. ബീന ഫിലിപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ രേഖ സി, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ്ജ്, അസിസ്റ്റന്റ് എഡിറ്റർ ആർ. അനിരുദ്ധൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് എഡിറ്റർ ജയകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു.

# സ്വന്തം സ്ഥലം ഭവനരഹിതർക്ക് വീട് വെക്കാൻ വിട്ടുനൽകി പനങ്ങാട് സ്വദേശി

കോഴിക്കോട് : സ്വന്തമായി അധ്വാനിച്ച് വാങ്ങിയ സ്ഥലത്തിന്റെ ഒരു ഭാഗം, ഭൂമിയും വീടും ഇല്ലാത്തവർക്ക് വിട്ടുകൊടുത്തിരിക്കുകയാണ് പനങ്ങാട് പഞ്ചായത്തിലെ മനോജ് കെ.ടി എന്ന ഡ്രൈവർ. മൂന്ന് കുടുംബങ്ങൾക്കാണ് ഈ കാരുണ്യ പ്രവർത്തനം തണലേകുക. പനങ്ങാട് പഞ്ചായത്തിൽ 12 സെന്റ് സ്ഥലമാണ് വീടുവെക്കാനായി മനോജ് വിട്ടുനൽകിയത്. ജില്ലാ കലക്ടർ ഡോ. എൻ തേജ് ലോഹിത് റെഡ്ഢിയുടെ സാന്നിധ്യത്തിൽ മനോജിന്റെ മകൾ ലിനു മനോജ് സമ്മത പത്രം കൈമാറി.

തൃശ്ശൂരിൽ ഡ്രൈവറായി ജോലി ചെയ്യുന്ന മനോജ് 'ഹൃദയപൂർവം നമ്മുടെ 15' എന്ന വാർഡ് തല പദ്ധതിയുടെ ഭാഗമായാണ് സ്ഥലം വിട്ട് നൽകാൻ തീരുമാനിച്ചത്. ഭൂമിയും വീടും ഇല്ലാത്തവർക്ക് അത് നൽകാൻ സാധിക്കുന്നത് വലിയ കാര്യമായി കാണുന്നുവെന്ന് മനോജ് പറഞ്ഞു. ആഗസ്റ്റ് ആദ്യവാരം രജിസ്ട്രേഷൻ നടപടികൾ നടത്തും.

സ്ഥലം ലഭിച്ച ഒരാൾക്ക് സ്പോൺസർഷിപ് വഴി വീട് ലഭിക്കും. ബാക്കിയുള്ളവർക്ക് സ്പോൺസർഷിപ് വഴിയോ ലൈഫ് പദ്ധതി മുഖേനയോ വീട് ലഭ്യമാക്കാനുള്ള ശ്രമത്തിലാണെന്ന് വാർഡ് മെമ്പർ ആർ.സി സിജു പറഞ്ഞു.

പതിനഞ്ചാം വാർഡായ തിരുവാഞ്ചേരിപൊയിലിലെ ലൈഫ് ഭവന പദ്ധതിയുടെ മൂന്നാം ഘട്ടത്തിന്റെ ലിസ്റ്റ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചേർന്ന ഗ്രാമസഭയിലാണ് സമ്മത പത്രം കൈമാറിയത്. ഗ്രാമപഞ്ചായത്ത് ഇ.എം.എസ് സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം കുട്ടികൃഷ്ണൻ അധ്യക്ഷത വഹിച്ചു.

# മേപ്പയ്യൂരിൽ യുവജനങ്ങൾക്കായി സൗജന്യ സ്വയം തൊഴിൽ പരിശീലനം

കോഴിക്കോട് : യുവ ജനങ്ങളെ സംരംഭകരാക്കാൻ സൗജന്യ സ്വയം തൊഴിൽ പരിശീലനവുമായി മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത്. സംരംഭക വർഷാഘോഷത്തിന്റെ ഭാഗമായി മേപ്പയൂർ ഗ്രാമ പഞ്ചായത്ത്, വ്യവസായ വാണിജ്യ വകുപ്പ്, കനറാ ബാങ്ക്, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം എന്നിവ സംയുക്തമായി ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. 18 മുതൽ 45 വയസ് വരെ പ്രായമുള്ളവർക്കാണ് സ്വയം തൊഴിൽ പരിശീലനം നൽകുക. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര-ഗ്രാമ വികസന മന്ത്രാലയം നടത്തുന്ന പരീക്ഷയും സ്വയം തൊഴിൽ മേഖലയിൽ ഇന്ത്യയിൽ എവിടേയും സ്വീകരിക്കപ്പെടുന്ന സർട്ടിഫിക്കറ്റും ലഭിക്കും.

ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി, സെൽഫോൺ റിപ്പയർ ആൻഡ് സർവീസ്, കൂൺ കൃഷി, ഫുഡ് പ്രോസസ്സിംഗ്, അച്ചാർ, പപ്പടം, മസാല പൗഡർ നിർമ്മാണം, കോഴി വളർത്തൽ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പത്ത് മുതൽ ഒരുമാസം വരെയാണ് പരിശീലന കാലയളവ്. സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഗസ്റ്റ് 10 ന് മുമ്പായി താഴെ പറയുന്ന രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു നൽകുക. https://surveyheart.com/form/62e409b424ff9216a52f6bb1

# നാദാപുരം ഗ്രാമപഞ്ചായത്ത് കടലാസ് രഹിതമാകുന്നു - ജനപ്രതിനിധികൾക്ക് ഐ.ടി ശിൽപശാല നടത്തി

കോഴിക്കോട് : നാദാപുരം ഗ്രാമപഞ്ചായത്ത് കടലാസ് രഹിതമാക്കുന്നതിനും ഇ ഗവേർണസിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന 213 സേവനങ്ങളെക്കുറിച്ച് ജന പ്രതിനിധികൾക്ക് അവബോധം ഉണ്ടാക്കുന്നതിനുമായി ഐ.ടി ശിൽപശാല സംഘടിപ്പിച്ചു. പഞ്ചായത്ത് ഓഫീസിൽ വരാതെ തന്നെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ ശിൽപശാലയിൽ പരിചയപ്പെടുത്തി.

ജനപ്രതിനിധികളുടെ ഉത്തരവാദിത്വം നിർവഹിക്കുന്ന രീതി മനസിലാക്കുന്നതിനും സിറ്റിസൺ പോർട്ടൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ടിയാണ് ഐ.ടി പാഠശാല സംഘടിപ്പിച്ചത്. രണ്ടാംഘട്ടത്തിൽ വാർഡുതല കൺവീനർമാർക്കും കുടുംബശ്രീ പ്രവർത്തകർക്കും സിറ്റിസൺ പോർട്ടൽ പരിചയപ്പെടുത്തി. പഞ്ചായത്ത് പ്രസിഡണ്ട് വി.വി മുഹമ്മദലി ശിൽപശാല ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു.

സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ, എം.സി സുബൈർ, ജനീദ ഫിർദൗസ്, മെമ്പർ പി.പി ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി ഷാഹുൽ ഹമീദ് സ്വാഗതവും അസിസ്റ്റന്റ് സെക്രട്ടറി ടി പ്രേമാനന്ദ് നന്ദിയും പറഞ്ഞു. കുന്നുമ്മൽ ബ്ലോക്ക് ടി.എ ഇ.കെ സീന, കില ഫാക്കൽട്ടി കെ ഷാജി, ടെക്നിക്കൽ അസിസ്റ്റന്റ് എ.പി ഷീമ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# പ്രകൃതി സംരക്ഷണത്തിനായി തിരുവള്ളൂരിൽ ജൈവചത്വരം ഒരുങ്ങുന്നു

കോഴിക്കോട് : പ്രകൃതി സംരക്ഷണത്തിനായി തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ജൈവചത്വരം ഒരുങ്ങുന്നു. വിവിധ തരത്തിലുള്ള ചൂഷണങ്ങളും, നശീകരണങ്ങളും, മലിനീകരണങ്ങളും കാരണം അനുദിനം നശിച്ചു കൊണ്ടിരിക്കുന്ന പ്രകൃതിയെ രക്ഷിക്കുക എന്നതാണ് ജൈവചത്വരം പദ്ധതിയുടെ ലക്ഷ്യമെന്ന് പഞ്ചായത്ത് പ്രസിഡന്റ് സബിത മണക്കുനി പറഞ്ഞു. ശുദ്ധവായുവും വെള്ളവും അന്യമായി തീരുന്ന ദുരന്തകാലം തടയുന്നതിനും പ്രകൃതിയിലെ തനതു ജൈവീകാവസ്ഥ നിലനിർത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് ജൈവചത്വരത്തിലൂടെ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കുക. ജൈവ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനായി പ്രകൃതിക്ക് നാല് സംരക്ഷണ കവചമൊരുക്കുന്നതാണ് പദ്ധതി. പഞ്ചവനം, ദശവൃക്ഷം,ഹരിതതീരം, പച്ചോപ്പ് എന്നിവയാണ് ജൈവചത്വരത്തിന്റെ ഭാഗമായി തിരുവള്ളൂരിൽ ഒരുങ്ങുന്നത്.

വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പൊതുസ്ഥലങ്ങൾ, പുഴയുടെ തീരങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അക്ഷര വനം, ഔഷധവനം, നക്ഷത്രവനം, പഴവനം, പൂവനം എന്നിങ്ങനെ അഞ്ചുതരം ചെറു വനങ്ങൾ രൂപപ്പെടുത്തുന്ന പദ്ധതിയാണ് പഞ്ചവനം. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ അക്ഷരവനത്തിന്റെ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു.പഞ്ചായത്തിന്റെ പരിധിയിലുള്ള വീടുകളിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് ദശവൃക്ഷം.അത്യുത്പാദന ശേഷിയുള്ള മാവ്, പ്ലാവ്, റംബൂട്ടാൻ ,മാങ്കോസ്റ്റിൻ, തെങ്ങ് ഉൾപ്പെടെ 10 തരം ഫലവൃക്ഷങ്ങളാണ് പദ്ധതിയുടെ ഭാഗമായി വെച്ചു പിടിപ്പിക്കുന്നത്.മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക.

തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഹരിതതീരം. തീരമിടിയുന്ന കുറ്റ്യാടി പുഴയോരത്ത് മുളവെച്ച് പിടിപ്പിച്ചും വടകര മാഹി കനാൽ തീരം കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം വെച്ചു പിടിപ്പിച്ചും സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം. പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ വടകര മാഹി കനാലിന്റെ കണ്ണമ്പത്തുകര ഭാഗത്ത് രാമച്ചം വെച്ചുപിടിപ്പിച്ചു കഴിഞ്ഞു. ജൈവ വൈവിധ്യ കലവറയായ തിരുവള്ളൂരിലെ ജലാശയങ്ങളും കണ്ടൽ കാടുകളും, കാവുകളും പരിപാലിച്ച് നിലനിർത്തുക എന്നതാണ് പച്ചോപ്പിലൂടെ ലക്ഷ്യം വെക്കുന്നത്.ഇത്തരത്തിൽ നാടിന് നഷ്ടപ്പെട്ടു പോയ ജൈവീക സന്തുലിതാവസ്ഥ തിരിച്ചുപിടിച്ചും, ഉള്ളവ വരും തലമുറയ്ക്കായി സംരക്ഷിച്ചും മുന്നേറുകയാണ് തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്.

# തെങ്ങിൻ തൈകൾ വിതരണം ചെയ്തു

കോഴിക്കോട് : വേളം ഗ്രാമപഞ്ചായത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കൃഷിഭവൻ മുഖേന നാടൻ തെങ്ങിൻ തൈകൾ വിതരണം ചെയ്തു. വിതരണത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നയീമ കുളമുള്ളതിൽ നിർവഹിച്ചു. പരിപാടിയിൽ വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സറീന നടുക്കണ്ടി അധ്യക്ഷയായി.

പഞ്ചായത്ത് മെമ്പർമാരായ പി.സൂപ്പി, കിണറുള്ളതിൽ അസീസ്, കെ.കെ.ഷൈനി. കെ.സി. സിത്താര, വേളം കൃഷിഭവനിലെ അസിസ്റ്റന്റുമാരായ ശരത്ത്, അനഘ തുടങ്ങിയവർ പങ്കെടുത്തു.

# പശു വളർത്തലിൽ പരിശീലനം

കോഴിക്കോട് : മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പശു വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.

മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്കാണ് പരിശീലനം. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. വിവരങ്ങൾക്ക് 0491-2815454, 9188522713.

# അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് : 2022-24 വർഷത്തിലെ ഡി.എൽ.എഡ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ww. kozhikodedde.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# തീയതികൾ മാറ്റി

കോഴിക്കോട് ഗവ. ഫിസിക്കൽ സ്റ്റേഡിയത്തിൽ ഒക്ടോബർ 1 മുതൽ ഒക്ടോബർ 20 വരെ നടക്കുന്ന ആർമി റിക്രൂട്ട്മെന്റ് റാലിക്ക് www.joinindianarmy.nic.in വഴിയുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ തീയതി ഓഗസ്റ്റ് 5ൽ നിന്നും സെപ്റ്റംബർ 3 ലേക്ക് ദീർഘിപ്പിച്ചു.

രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ അവരുടെ ഇ മെയിലിലേക്ക് സെപ്റ്റംബർ 9 മുതൽ 14 വരെ അയയ്ക്കും.

# ഡിഗ്രി മാനേജ്മെന്റ് ക്വാട്ട പ്രവേശനം

പാലക്കാട് അയലൂർ അപ്ലൈഡ് സയൻസ് കോളേജിലെ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്സി ഇലക്ട്രോണിക്സ്, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിലുള്ള 50 ശതമാനം സീറ്റിലേക്ക് അപേക്ഷ സ്വീകരിക്കുന്നു.

ബി.എസ്സി കമ്പ്യൂട്ടർ സയൻസ്- 24, ബി.എസ്സി ഇലക്ട്രോണിക്സ്-12, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ-30 എന്നിങ്ങനെ ആകെ 66 സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് കോളേജിൽ നേരിട്ടോ Ihrdadmissions.org എന്ന വെബ്സൈറ്റിലോ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8547005029, 9495069307, 04923241766, 9447711279.

# നൂതനാശയങ്ങളും നിർമ്മിതികളും പ്രോത്സാഹിപ്പിക്കുന്നതിനായി 'ലക്ഷ്യ' പദ്ധതിയുമായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

കോഴിക്കോട് : പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും നൂതനാശയങ്ങളും നിർമ്മിതികളും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി 'ലക്ഷ്യ' പദ്ധതിയുമായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. ഇത്തരത്തിൽ സംസ്ഥാനത്ത് തന്നെ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ആദ്യ പദ്ധതിയാണിത്.

സാധാരണക്കാരുടെയും കുട്ടികളുടെയും നൂതന ആശയങ്ങളെ മെച്ചപ്പെടുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാധൂകരിക്കുന്നതിനും സർക്കാർ കെ - ഡിസ്ക് പോലുള്ള വിവിധ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

കുറഞ്ഞ ചിലവിൽ കണ്ടെത്തലുകൾക്ക് പേറ്റന്റുകൾ നേടിക്കൊടുക്കുന്നതിനും ഓരോ വ്യക്തിയെയും സംരംഭകരാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ശാസ്ത്ര പരിപോഷണ കേന്ദ്രം നന്മണ്ട ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ ഭവനിൽ തുടക്കമിടുകയാണ്.

പ്രാദേശികമായുള്ള നൂതന പദ്ധതികളുടെ ഒരു പരിപോഷണ കേന്ദ്രം (ഇൻക്യുബേഷൻ സെൻറർ ) ആയി ഇ കേന്ദ്രം വളർത്തിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഉപകരണങ്ങൾ, സാങ്കേതിക പരിശീലന സംവിധാനങ്ങൾ, മെന്ററിംഗ് വിദഗ്ദർ എന്നിവ ഇവിടെ ലഭ്യമാക്കും.

കുട്ടികൾക്കും മുതിർന്നവർക്കും അവരുടെ കണ്ടെത്തലുകൾ വിദഗ്ധ സഹായത്തോടെ സാങ്കേതിക പിന്തുണയോടെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഉപകരണങ്ങളും സാങ്കേതിക / മനുഷ്യ വിഭവങ്ങളും ഇവിടെ ലഭ്യമാകും.

ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർഥികൾക്ക് അവരുടെ ആശയങ്ങളെ വളർത്തിയെടുക്കുന്നതിന് സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും സേവനം ലഭ്യമാകും.

കേരള സ്റ്റാർട്ടപ്പ് മിഷൻ, ഐ എസ് ആർ ഒ, എൻ ഐ ടി കോഴിക്കോട്, കേരള സർക്കാരിന്റെ കെ - ഡിസ്ക്, ജില്ലാ ഭരണകൂടത്തിന് കീഴിലുള്ള എഡ്യൂമിഷൻ പദ്ധതി, എൻജിനീയറിങ് കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പിന്തുണയും ജില്ലാ പഞ്ചായത്തിന്റെ ഉപദേശവും ലക്ഷ്യ പദ്ധതിക്കുണ്ട്.

നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക വഴി വ്യവസായ സംരംഭക സാധ്യതകൾ പദ്ധതിയിലൂടെ ജനകീയമാക്കി മാറുന്നു.

ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ, നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷൻ എന്നിവയുമായി ജനകീയ കണ്ടെത്തലുകളെ ബന്ധിപ്പിക്കുന്നതിനും പേറ്റന്റുകൾ കരസ്ഥമാകുന്നതിനും പദ്ധതി സഹായിക്കുന്നു.



# മൊകവൂർ ദേശീയപാത ജംഗ്ഷനിൽ ബഹുജന ധർണ്ണ നടത്തി

മൊകവൂർ: മൊകവൂർ കുനിമ്മൽ താഴം ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മൊകവൂർ ചഒ അടിപ്പാത ജനകീയസമിതി ബഹുജന ധർണ്ണ സമരം നടത്തി. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ പ്രൊഫസർ ശോഭീന്ദ്രൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. ജനകീയ സമിതി ചെയർമാൻ കെ.ടി.അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ചു. പി.ചന്തു, കെ,സുരേന്ദ്രൻ, ടി.ഗോപകുമാർ, ടി.എസ്.പ്രേമ, കെ.പീതാംബരൻ നായർ, ശൈലജ ജയകൃഷ്ണൻ, രാഹുൽ വെള്ളാങ്കുർ, പി ജയരാജൻ, ഒ.കെ.യു.നായർ, വി ടി.രമേശ് ബാബു, ശ്വേതാ സജീവ്, ഗോവിന്ദരാജ് എം തുടങ്ങിയവർ പ്രസംഗിച്ചു. കിഴക്കയിൽ ബിജു മാഷിന്റെ നേതൃത്വത്തിൽ മുദ്രാവാക്യം വിളിച്ചു. സമരം ശക്തമാക്കുവാൻ സമിതി ഐക്യകണ്ഠേന തീരുമാനിച്ചു.

ജനകീയ സമിതി കൺവീനർ സി അനിൽകുമാർ നേരത്തെ സ്വാഗതം പറയുകയും ട്രഷറർ രാവുണ്ണിക്കുട്ടി കെ.പി നന്ദിയും രേഖപ്പെടുത്തി.

# ഉദ്ഘാടനം ചെയ്തു

കോഴിക്കോട് : സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന ചരിത്ര ക്ലാസ്സുകളുടെ കോഴിക്കോട് ജില്ലാതല പരിശീലനം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ.മധു ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് പബ്ലിക് ലൈബ്രറി & റിസർച്ച് സെന്ററിൽ നടന്ന പരിപാടിയിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ.കെ.ദിനേശൻ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ജോ. സെക്രട്ടറി മനയത്ത് ചന്ദ്രൻ പദ്ധതി വിശദീകരണം നടത്തി.



ചാലിക്കര രാധാകൃഷ്ണൻ, ഇ.എം.രാധാകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സി. അംഗം കെ. ചന്ദ്രൻ മാസ്റ്റർ ക്രോഡീകരണം നടത്തി. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എൻ ഉദയൻ സ്വാഗതവും ജോ. സെക്രട്ടറി കെ.പി. സഹീർ നന്ദിയും പറഞ്ഞു. ജില്ലയിലെ ഗ്രന്ഥശാലകളിലൂടെ നാം സഞ്ചരിച്ച വഴികൾ, നേരിട്ട വെല്ലുവിളികൾ, ഇന്നത്തെ അവസ്ഥ, ദേശ രാഷ്ട്രം എന്ന നിലയിൽ ഇന്ത്യയുടെ ഭാവി, ഇന്ത്യ എന്ന രാഷ്ട്രം രൂപീകൃതമായ ചരിത്ര സന്ദർഭവും പശ്ചാത്തലവും എന്നിവയടങ്ങുന്ന 800 ചരിത്ര ക്ലാസ്സുകൾ ചരിത്രോത്സവത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലുടനീളം നടക്കും.

# ടെണ്ടർ ക്ഷണിച്ചു

കോഴിക്കോട് : ജില്ലയിൽ വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കോഴിക്കോട് സിവിൽസ്റ്റേഷൻ, വെള്ളിമാടുകുന്ന് എൻ.ജി.ഒ ക്വാർട്ടേഴ്സ്, കുന്ദമംഗലം സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ പുതുതായി തുടങ്ങുന്ന ക്രഷുകളിലേക്ക് കുഞ്ഞുങ്ങളുടെ പരിപാലനം, ശുചിത്വം, മാനസികോല്ലാസം, പ്രീ സ്ക്കൂൾ പ്രവർത്തനങ്ങൾ, മോണിട്ടറിങ് മുതലായവയ്ക്ക് ഗുണമേന്മയുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ/സ്ഥാപനങ്ങിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ഓഗസ്റ്റ് 9 ഉച്ചയ്ക്ക് ശേഷം 2 മണി വരെ ടെണ്ടർ സ്വീകരിക്കും. അന്നേ ദിവസം 2.30ന് ടെണ്ടർ തുറക്കും. കൂടുതൽ വിവരങ്ങൾക്ക്: 0495 237075

രേഖകൾ നഷ്ടപ്പെട്ടോ... തിരിച്ചുകിട്ടാൻ
പരസ്യം നൽകാം
ന്യൂസ്കേരള
മലയാള ദിനപത്രം
News Kerala Daily
സാസ് ടവർ, മിനി ബൈപാസ് ജംഗ്ഷൻ, മീഞ്ചന്ത, കോഴിക്കോട് - 673 018
വസ്തുപ്രമാണം • സർട്ടിഫിക്കറ്റുകൾ • മറ്റ് രേഖകൾ...
വിവാഹ മോചനം • ഫസ്ഖ് • പേര് മാറ്റം തുടങ്ങിയ
ക്ലാസിഫൈഡ് പരസ്യങ്ങൾ മിതമായ നിരക്കിൽ
കോഴിക്കോട് : 9995 093 491 , 9847 007 126
കണ്ണൂർ : 7012 252 195
തിരുവനന്തപുരം : 9447 792 155
എറണാകുളം : 9746 740 555
കൊല്ലം : 9947 381 422

# ജില്ലയിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കണം– ജില്ലാ കലക്ടർ

കോഴിക്കോട് : ജില്ലയിലെ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് ജില്ലാ കലക്ടർ ഡോ.എൻ തേജ് ലോഹിത് റെഡ്ഡി പറഞ്ഞു. ജില്ലാ വികസനസമിതി യോഗത്തിൽ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയായിരുന്നു അദ്ദേഹം.

ബാലുശ്ശേരി, കുറ്റ്യാടി, കക്കട്ടിൽടൗൺ നവീകരണ പ്രവൃത്തി പൂർത്തിയാക്കുന്നത് അവസാന ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. മണ്ഡലങ്ങളിലെ പൊതുമരാമത്ത് റോഡുകളുടെ നിലവിലെ പ്രവൃത്തി പുരോഗതി യോഗത്തിൽ വിലയിരുത്തി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി വരുന്ന നാലു മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നു കലക്ടർ നിർദേശം നൽകി.

വടകര പുതുപ്പണത്ത് പട്ടികവർഗ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ ഉടൻ ഓപ്പൺ ചെയ്യും. ഇതിലേക്കായി 4.82 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കുറ്റ്യാടി നിയോജക മണ്ഡലത്തിലെ രണ്ടു ഐ.ടി.ഐ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുകയാണ്. മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡിൽ പൊളിച്ചുമാറ്റൽ പ്രവൃത്തി പുരോഗമിക്കുകയാണ്. പാച്ചാക്കിൽ തോട് നവീകരണ പ്രവൃത്തി ഉടൻ പുനഃരാരംഭിക്കും. പേരാമ്പ്ര മണ്ഡലത്തിലെ 10 ഹയർ സെക്കന്ററി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബ് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുകയാണ്. 5 സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചതായും ബാക്കിയുള്ള പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുമെന്നും അധികൃതർ അറിയിച്ചു. പേരാമ്പ്ര സബ് ട്രഷറി കെട്ടിട നിർമ്മാണം 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. പേരാമ്പ്ര താലൂക്ക് ഗവ. ആശുപത്രി കെട്ടിട നിർമ്മാണ ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ലന്നും അധികൃതർ യോഗത്തിൽ അറിയിച്ചു.

റീ ബിൽഡ് കേരള പദ്ധതിയുടെ കീഴിലുള്ള മടപ്പള്ളി അണ്ടർപ്പാസ് വെള്ളിക്കുളങ്ങര കാഷ് റോഡ് പദ്ധതിയിൽ ടെൻഡർ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ജില്ലയിൽ ക്യാൻസർ കെയർ സൊസൈറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ജില്ലാപഞ്ചായത്ത് സെക്രട്ടറി ജില്ലാ വികസന സമിതി യോഗത്തിൽ വിശദീകരിച്ചു. ആധുനിക ചികിത്സാ സൗകര്യം, ബോധവത്ക്കരണം തുടങ്ങി 18 ഓളം ലക്ഷ്യങ്ങൾ ക്യാൻസർ കെയർ സൊസൈറ്റി വഴി നടപ്പാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ എം.എൽ.എമാരായ തോട്ടത്തിൽ രവീന്ദ്രൻ, കെ.കെ.രമ, പി.ടി.എ റഹിം, എ.ഡി.എം സി. മുഹമ്മദ് റഫീഖ്, ജില്ലാ പ്ലാനിങ് ഓഫീസർ ടി.ആർ മായ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പും ഇതരവകുപ്പുകളും ചേർന്ന് സംയുക്തമായി സംഘടിപ്പിച്ച ആരോഗ്യമേള കെ. മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

# ശ്രദ്ധേയമായി മേലടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യമേള

കോഴിക്കോട് : മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പും ഇതരവകുപ്പുകളും ചേർന്ന് സംയുക്തമായി സംഘടിപ്പിച്ച ആരോഗ്യമേള ശ്രദ്ധേയമായി. മേലടി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഘോഷയാത്രയോടെ ആരംഭിച്ച ആരോഗ്യമേള കെ. മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്തു.

അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകളാണ് മേളയുടെ ഭാഗമായി ഉണ്ടായിരുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് കണ്ണു വിഭാഗം, മലബാർ മെഡിക്കൽ കോളേജ്, വടകര കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, സി എച്ച് സി മേലടി എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തു. വിവിധ വകുപ്പുകളുടെ പ്രദർശന-വിപണന സ്റ്റാളുകളും മേളയിലുണ്ടായിരുന്നു. സൗജന്യ മരുന്നു വിതരണത്തോടൊപ്പം സ്വകാര്യ ലാബുമായി സഹകരിച്ച് ജീവിത ശൈലി രോഗങ്ങളുൾപ്പെടെയുള്ളവയുടെ സൗജന്യ പരിശോധനയുമുണ്ടായിരുന്നു.

ബോധവത്കരണ പരിപാടികൾ, പാലിയേറ്റീവ് പരിചരണ പ്രവർത്തകരുടെ സംഗമം, കുടുംബശ്രീ വിപണനമേള, കരകൗശല വസ്തുക്കളുടെ പ്രദർശനവും വില്പനയും, കലാപരിപാടികൾ എന്നിവയും മേളയുടെ ഭാഗമായി നടന്നു. പയ്യോളി തിക്കോടിയൻ സ്മാരക ഗവ.വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന മേളയിൽ കാനത്തിൽ ജമീല എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.മുഹമ്മദ് ഫാറൂഖ് പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് പി.പ്രസന്ന, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വി ശ്രീലേഷൻ തുടങ്ങിയവർ സംസാരിച്ചു. മേലടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് ചങ്ങാടത്ത് സ്വാഗതവും ഹെൽത്ത് സൂപ്പർവൈസർ ബിനോയ് ജോൺ നന്ദിയും പറഞ്ഞു.

# നഗരത്തിൽ അലഞ്ഞുതിരിഞ്ഞ 47 പേർക്ക് കൂടി ജില്ലാ ഭരണകൂടത്തിന്റെ കരുതൽ

കോഴിക്കോട് : ഇന്നലെ വരെ ഒരു മേൽക്കൂരയുടെ തണലോ കരുതലോ ഇല്ലാതിരുന്ന 47 പേർക്ക് ഇനി തെരുവിൽ അലയേണ്ടിവരില്ല. നഗരത്തിൽ അലഞ്ഞു നടന്നിരുന്ന 47 പേരെയാണ് ജില്ലാ ഭരണകൂടം കരുതൽ കരങ്ങളായ ഉദയം ഹോമിലേക്ക് മാറ്റിയത്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് പരിസരം, പുതിയ ബസ് സ്റ്റാന്റ് തുടങ്ങിയ പരിസരപ്രദേശങ്ങളിൽ കിടന്നുറങ്ങിയവരെയാണ് ഉദയം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വിവിധ കേന്ദ്രങ്ങളിലേക്ക് മാറ്റിയത്.

തെരുവുജീവിതങ്ങളില്ലാത്ത കോഴിക്കോട് എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി തെരുവിൽ കിടന്നുറങ്ങുന്നവരെയും നഗരത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്നവർക്കുമായി ജില്ലാ ഭരണകൂടത്തിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ദയ റിഹാബിലിറ്റേഷൻ ട്രസ്റ്റിന്റെ സഹായത്തോടെയാണ് ഉദയം പ്രോജക്ട് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ദിവസം രാത്രിയിൽ പോലീസിന്റെ സഹായത്തോടെ നടന്ന പ്രവർത്തനത്തിന് ഡെപ്യൂട്ടി കലക്ടർ അനിതകുമാരി, സ്പെഷൽ ഓഫിസർ ഡോ. ജി രാഗേഷ്, ഉദയം പ്രൊജക്റ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ സജീർ പി മറ്റു ഉദയം സ്റ്റാഫുകൾ എന്നിവർ നേതൃത്വം നൽകി.

നഗരത്തിന്റെ തിരക്കിൽ ആരോരുമില്ലാതെ അലഞ്ഞു നടന്നിരുന്ന അശരണർക്ക് തുണയാവുകയാണ് ജില്ലാ ഭരണകൂടം. ചേവായൂർ, വെള്ളിമാടുകുന്ന്, മാങ്കാവ്, വെസ്റ്റ്ഹിൽ, എന്നിവിടങ്ങളിലായി 400 ഓളം ആളുകളെ പാർപ്പിക്കാനുള്ള സംവിധാനമാണ് ഉദയം ഹോമുകളിലുള്ളത്. ആരോരുമില്ലാത്തവർക്ക് ഒരു വീടിന്റെ കരുതലും സ്നേഹവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ഉദയം ഹോമിന്റെ നടത്തിപ്പിന് ഉദാരമതികളുടെ സഹായം സ്വീകരിക്കുന്നുണ്ട്. ഉദയം ബാങ്ക് അക്കൗണ്ടുകളിലേക്കോ ഉദയം ഹോമുകളിലേക്കോ പണമായും വസ്തുക്കളായും സ്പോൺസർഷിപ്പ് ചെയ്യാവുന്നതാണ്. വിവരങ്ങൾക്ക് 9207391138 എന്ന നമ്പറിൽ ബന്ധപ്പെടാം.

## തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ദശവൃക്ഷം പദ്ധതി

കോഴിക്കോട് : തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് ജൈവ വൈവിധ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച ജൈവ ചത്വരത്തിലെ ദശവൃക്ഷം പദ്ധതിക്ക് തുടക്കമായി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്ലാനിങ്ങ് ബോർഡ് ഉപാധ്യക്ഷൻ മണലിൽ മോഹനൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സബിത മണക്കുനി അധ്യക്ഷത വഹിച്ചു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സീക്ക് പത്മനാഭൻ മുഖ്യ പ്രഭാഷണം നടത്തി. എ.ഇ വിഷ്ണു പ്രണവ് പദ്ധതി വിശദീകരിച്ചു.

വൈസ് പ്രസിഡന്റ് എഫ്.എം മുനീർ, സ്ഥിരം സമിതി അധ്യക്ഷരായ നിഷില കോരപ്പാണ്ടി, പി.അബ്ദുറഹ്മാൻ, മെമ്പർമാരായ ബവിത്ത് മലോൽ, പി.സി ഹാജറ, പി.പി രാജൻ, രമ്യ പുലക്കുന്നുമ്മൽ, ബി.ഡി.ഒ പ്രദീപ് കുമാർ, സെക്രട്ടറി പി.ജി സിന്ധു, ജില്ലാ ജൈവ വൈവിധ്യ ബോർഡ് കോർഡിനേറ്റർ മഞ്ജു, ഹരിതകേരളം പ്രതിനിധി രുദ്രപ്രിയ, ബി.എം.സി കൺവീനർ ടി.കുഞ്ഞിക്കണ്ണൻ എന്നിവർ സംസാരിച്ചു.

## വായ്പാ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് : പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർ, പട്ടികജാതിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള വിഭാഗത്തിൽ പെട്ടവർ എന്നിവർക്കായി നടപ്പിലാക്കി വരുന്ന താരതമ്യേന കുറഞ്ഞ പലിശ നിരക്കിലുള്ള വിവിധ വായ്പാ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പ, ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ, ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ, ഉയർന്ന വരുമാനക്കാർക്കുള്ള വ്യക്തിഗത വായ്പ, വ്യവസായ വായ്പ, ഭവന നിർമ്മാണ വായ്പ, ഭവനപുനരുദ്ധാരണ വായ്പ, ഭൂരഹിത ഭവനരഹിത വായ്പ, വിവാഹ വായ്പ, വിദ്യാഭ്യാസ വായ്പ എന്നീ പദ്ധതികളാണ് കോർപ്പറേഷൻ നിലവിൽ നടത്തി വരുന്നത്. (താഴ്ന്ന വരുമാനക്കാർക്കായുള്ള പദ്ധതികൾക്ക് പ്രതിവർഷ വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 98000, നഗരങ്ങളിൽ 1,20,000 വരെ). അപേക്ഷാ ഫോറങ്ങളും വിശദവിവരങ്ങളും സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗവികസന കോർപ്പറേഷന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ ലഭ്യമാണ്.

# പൊതുവിദ്യാലയങ്ങൾ വിദ്യാഭ്യാസ മേഖലക്ക് ഉത്തമ മാതൃക – മന്ത്രി എ. കെ. ശശീന്ദ്രൻ

കോഴിക്കോട് : വിദ്യാഭ്യാസ മേഖലയ്ക്ക് തന്നെ ഉത്തമ മാതൃകയായി മാറുന്ന രീതിയിലാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതെന്ന് വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ.വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച സഹപാഠി വിജയോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഉയർന്ന അക്കാദമിക നിലവാരവും ഭൗതിക സാഹചര്യവുമുള്ള സർക്കാർ സ്കൂളുകൾ ഇതിനുദാഹരണമാണ്. പൊതുജനങ്ങളെയും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സമഗ്ര വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ പൊതുവിദ്യാലയങ്ങൾക്ക് ഇതിലും മികച്ച പ്രവർത്തനം കാഴ്ച വെക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ സംസ്ഥാനതലത്തിൽ അഭിമാനാർഹമായ വിജയം നേടിയ മേമുണ്ട ഹയർ സെക്കന്ററി സ്കൂൾ, എം ജെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നീ വിദ്യാലയങ്ങളെ വേദിയിൽ അഭിനന്ദിച്ചു. എൽ എസ് എസ്, യു എസ് എസ് പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങളെയും വില്ല്യാപ്പള്ളി പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടന്ന പട്ടം തിയേറ്റർ പരിശീലനത്തിനു നേതൃത്വം നൽകിയ നാടക കലാകാരൻ മനോജ് നാരായണനെയും ചടങ്ങിൽ അനുമോദിച്ചു.

പരിപാടിയുടെ ഭാഗമായി അദ്ധ്യാപക സംഗമം നടന്നു. കോവിഡാനന്തര വിദ്യാഭ്യാസം വിജ്ഞാന സമൂഹ സൃഷ്ടി എന്ന വിഷയത്തിൽ കെ. കെ. ശിവദാസൻ മാസ്റ്റർ പ്രഭാഷണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.ബിജുള അധ്യക്ഷയായി. വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്മാരായ കെ. സുബിഷ, കെ.കെ.സിമി, രജിത കോളിയോട്ട്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എം. കെ. റഫീഖ്, ഒ. എം. ബാബു, സുബീഷ് പുതിയെടുത്ത്, ശാന്ത വള്ളിൽ, വാർഡ് മെമ്പർ വി. മുരളി മാസ്റ്റർ, എ ഇ ഒ ആനന്ദ് കുമാർ, ബി പി സി പ്രതിനിധി രാജീവൻ വളപ്പിൽ കുനി, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.വൈസ് പ്രസിഡന്റ് പൂളക്കണ്ടി മുരളീധരൻ സ്വാഗതവും ടി.പുഷ്പ ഹെൻസനൻ നന്ദിയും പറഞ്ഞു.




# ഉജ്ജ്വല ഭാരതം ഉജ്ജ്വല ഭാവി, പവർ @ 2047 ആഘോഷ പരിപാടികൾ സമാപിച്ചു

കോഴിക്കോട് : ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര ഊർജ മന്ത്രാലയം കേരള സർക്കാരുമായി സഹകരിച്ച് നടത്തിയ 'ഉജ്ജ്വല ഭാരതം ഉജ്ജ്വല ഭാവി, പവർ @ 2047' ആഘോഷ പരിപാടികൾ സമാപിച്ചു. രാജ്യത്തെ നൂറോളം കേന്ദ്രങ്ങളിലായി നടത്തിയ പരിപാടികളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രി രാജ്കുമാർ സിഗും ഓൺലൈനായി പങ്കെടുത്തു. ചടങ്ങിൽ ആർ.ഡി.എസ്.എസ് സ്കീം, സോളാർ റൂഫ് ടോപ് പോർട്ടൽ എന്നിവയുടെ ഉദ്ഘാടനവും എൻ.ടി.പി.സിയുടെ ഗ്രീൻ എനർജി പദ്ധതികളുടെ സമർപ്പണവും പ്രധാനമന്ത്രി നിർവഹിച്ചു. കേരളത്തിലെയും തെലങ്കാനയിലെയും ഓരോ ഫ്ലോട്ടിങ് സോളാർ പവർ പ്രോജക്കുകളും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. പരിപാടിയിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുമായും അദ്ദേഹം സംവദിച്ചു.

സ്വാതന്ത്ര്യത്തിന്റെ 100 വർഷം തികയുന്ന 2047 ൽ ഊർജ്ജ മേഖലയിൽ രാജ്യത്തിന്റെ കാഴ്ച്ചപ്പാട് ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഉജ്ജ്വല ഭാരതം ഉജ്ജ്വല ഭാവി, പവർ @ 2047' എന്ന പേരിൽ ജൂലായ് 25 മുതൽ പരിപാടികൾ സംഘടിപ്പിച്ചത്. വൈദ്യുതി, പുനരുപയോഗ ഊർജ മേഖലകളിലെ നേട്ടങ്ങൾ എന്നിവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി രാജ്യത്തെ 773 ജില്ലകളിലാണ് പരിപാടി സംഘടിപ്പിച്ചിരുന്നത്. വൈദ്യുതി മേഖലയിൽ കഴിഞ്ഞ എട്ട് വർഷത്തിനിടെ കൈവരിച്ച പ്രധാന നേട്ടങ്ങളാണ് ഈ പരിപാടികളിലൂടെ എടുത്തുകാണിച്ചത്.

ചടങ്ങിൽ ഊർജ്ജമന്ത്രാലയം സെക്രട്ടറി അലോക് കുമാർ സ്വാഗതം പറഞ്ഞു. വെള്ളയിൽ കെ.എസ്.ഇ.ബി വൈദ്യുതി ഭവനിലെ കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഇ.എം.സി ജില്ലാ നോഡൽ ഓഫീസർ അനീഷ് രാജേന്ദ്രൻ, ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഷാജി സുധാകരൻ, പ്രസരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരായ എസ്.ശിവദാസ്, പി.പി മനോജൻ എന്നിവർ സംസാരിച്ചു. പരിപാടിയോടനുബന്ധിച്ച് ഉജ്ജ്വല ഭാരതം ഉജ്ജ്വല ഭാവി ആഘോഷങ്ങളുടെ ദൃശ്യങ്ങളും പ്രദർശിപ്പിച്ചു.



കോഴിക്കോട് :പരപ്പിൽ എം.എം വി ഹയർ സെക്കന്ററി സ്കൂളിൽ ആദരിക്കൽ ചടങ്ങ് ശ്രീ:എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

## ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും പൂർവ്വ വിദ്യാർത്ഥിയെയും ആദരിച്ചു

കോഴിക്കോട് : പരപ്പിൽ എം.എം വി ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളേയും ലണ്ടനിൽ ആതുര സേവന മേഖലയിൽ നേതൃരംഗത്ത് പ്രശസ്തനായ പൂർവ്വ വിദ്യാർത്ഥി ഡോ:ഒ അബ്ദുറഹിമാനെയും പി ടി എ യും എം.ഇ.എ മാനേജ്മെന്റും ആദരിച്ചു. എം.കെ രാഘവൻ എം.പി ഉദ്ഘാടനവും അവാർഡ് ദാനവും നിർവ്വഹിച്ചു.പി ടി എ പ്രസിഡണ്ട് നൂറുൽ ഹസ്സൻ അധ്യക്ഷത വഹിച്ചു.എൻ.എം.എം സി.ഇ സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരം കോർപറേഷൻ കൗൺസിലർമാരായ കെ മൊയ്തീൻ കോയ,എസ്.കെ അബൂബക്കർ,എന്നിവരും കോർപറേഷൻ കൗൺസിലർ പി മുഹ്സിന യു.എസ്.എസ് നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരവും ,സ്പോർട്സ് താരങ്ങൾക്കുള്ള ഉപഹാരം എം.ഇ.എ കമ്മറ്റി മെമ്പർ.പി.പി.അബ്ദു റഷീദ് നിർവ്വഹിച്ചു. പ്രിൻസിപ്പൽ ജലീൽ കെ.കെ,ഹെഡ് മാസ്റ്റർ സി.സി ഹസ്സൻ,പി.പി. ഹാഷിം,പി.വി ഹസ്സൻ കോയ,ഡോ.എം അബ്ദുറഹിമാൻ,ഹംസത്ത് ടി.പി, പുതുക്കുടി അബ്ദുൽ മജീദ്, സാദിഖ് ബേപ്പൂർ,സജ്ന.എം, പ്രസംഗിച്ചു.

## ഡോക്ടർ, ലാബ് ടെക്നിഷ്യൻ താൽകാലിക നിയമനം

കോഴിക്കോട് : വാഴക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ മഴക്കാല രോഗങ്ങളെ തുടർന്ന് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടറുടെയും, ലാബ് ടെക്നീഷ്യന്റെയും തസ്തികയിൽ താത്കാലിക നിയമനത്തിനായി കൂടിക്കാഴ്ച നടത്തുന്നു. യോഗ്യരായ അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സലും, പകർപ്പുകളും, സ്വയം തയ്യാറാക്കിയ ബയോഡാറ്റയും സഹിതം ഡോക്ടർ തസ്തികയിലേക്ക് ആഗസ്റ്റ് 4ന് രാവിലെ 10 നും ലാബ് ടെക്നിഷ്യൻ തസ്തികയിലേക്ക് ഉച്ചക്ക് 12 നും വാഴക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9539597573.

## ക്ഷീരമൈത്രി – ക്ഷീരകർഷക സമ്പർക്ക പരിപാടി സംഘടിപ്പിച്ചു

കോഴിക്കോട് : ക്ഷീരവികസന വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി ക്ഷീര കർഷക സമ്പർക്ക പരിപാടി സംഘടിപ്പിച്ചു. ബാലുശ്ശേരി ബ്ലോക്ക് ക്ഷീര വികസന വിഭാഗമാണ് ഉള്ളിയേരി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പരിപാടി സംഘടിപ്പിച്ചത്.

ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി അജിത പരിപാടി ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ കർഷകർക്ക് ക്ലാസുകൾ നൽകി. ക്ഷീരവികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, മിൽമ എന്നിവ ക്ഷീരകർഷകർക്ക് നൽകുന്ന വിവിധങ്ങളായ ആനുകൂല്യങ്ങൾ, പദ്ധതികൾ എന്നിവ കർഷകരിലേക്ക് എത്തിക്കുന്നതിനാണ് പരിപാടി സംഘടിപ്പിച്ചത്.

ക്ഷീരസംഘം പ്രസിഡണ്ട് കെ ഇമ്പിച്ചിമമ്മി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം പി ഷാജി, ജനപ്രതിനിധികൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു. ക്ഷീര വികസന ഓഫീസർ മുഹമ്മദ് നവാസ് ക്ലാസ്സെടുത്തു.

## എല്ലാവരും മികവിലേക്ക് അധ്യാപക ശിൽപശാല സംഘടിപ്പിച്ചു

കോഴിക്കോട് : മണിയൂർ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അധ്യാപക ശിൽപശാല സംഘടിപ്പിച്ചു. മണിയൂർ ജവഹർ നവോദയ വിദ്യാലയ ഓഡിറ്റോറിയത്തിൽ നടന്ന ശിൽപശാലയ്ക്ക് പൗലോസ് മാസ്റ്റർ, ജേതാവ് നൗഫൽ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

കോവിഡ് കാലത്ത് വിദ്യാർത്ഥികളിൽ ഭാഷാ പഠനത്തിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരിഹാരമാർഗങ്ങൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ശിൽപശാല സംഘടിപ്പിച്ചത്. മണിയൂർ പഞ്ചായത്ത് പ്രസിഡന്റ് ടി.കെ. അഷറഫ് ഉദ്ഘാടനം ചെയ്തു. പി.ഇ.സി കൺവീനർ ബീന പുത്തൂർ അധ്യക്ഷത വഹിച്ചു. നവോദയ പ്രിൻസിപ്പൽ പി.എം സുരേഷ് ആശംസ അറിയിച്ചു. ബിനീഷ് മാസ്റ്റർ സ്വാഗതവും ഇ.എം ദിനേശ് നന്ദിയും പറഞ്ഞു.

Regd. No.RN-55193/94, Printer, Publisher and Editor: P. Mohammad Nizar (Responsible for selection of news under PRB Act ) Printed at Red star Printers & Publishers Pvt.Ltd, Joseph Road, Kozhikode- 673032 and Published at 23/516-C 5, 2nd Floor, Saas Tower, Mini Bypass Jn., Meenchantha, Kozhikode - 673 018 , Phone: 0495- 2322138. E-mail: newskeraladaily@gmail.com, newskerala01@yahoo.com